**സബ്മിഷൻ**

**സഭാതർക്കം**

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സഭാതർക്കം തീർക്കുന്നതിനുവേണ്ടി മന്ത്രിസഭാ സമിതി ഒരു ഉപസമിതിയെ രൂപീകരിച്ചിട്ടുണ്ട്. മന്ത്രിസഭാ ഉപസമിതി യോഗം ചേരുന്നുണ്ടോ എന്നറിയില്ല. ശ്രേഷ്ഠ കത്തോലിക്ക ബാവ മൂന്ന് ദിവസമായി നടത്തിക്കൊണ്ടിരുന്ന നിരാഹാര സമരം തുടരുകയാണെന്നാണ് ഞാൻ അറിഞ്ഞത്. അദ്ദേഹത്തിന് സുഖമില്ലാതെ ആശുപത്രിയിലേയ്ക്ക് കൊണ്ടുപോയതിനാൽ നിരാഹാര സമരം തൽക്കാലം നിർത്തിയെങ്കിലും വീണ്ടും തുടരുന്നതിനുള്ള സാഹചര്യമാണുള്ളത്. അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇക്കാര്യത്തിൽ അടിയന്തര പരിഹാരമുണ്ടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് ആശിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, കുറിഞ്ഞിപ്പള്ളിയിലെ പ്രശ്നമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ ഉന്നയിച്ചത്. സഭാപ്രശ്നം സംബന്ധിച്ച് ഗവൺമെന്റ് ഒരു നിലപാടെടുത്തിട്ടുണ്ട്. അതിൽ ഒരു ക്യാബിനറ്റ് സബ്കമ്മിറ്റിയെ വച്ചിട്ടുണ്ട്. 5 മന്ത്രിമാരാണ് ആ സബ്കമ്മിറ്റിയിലുള്ളത്. ആ സബ്കമ്മിറ്റി സഭയുടെ രണ്ട് വിഭാഗത്തിൽപ്പെട്ട ആളുകളുമായി വളരെ ദീർഘമായി സംസാരിച്ചുവെങ്കിലും പ്രശ്നങ്ങൾ പൂർണ്ണമായി പരിഹരിക്കുന്ന തലത്തിലേയ്ക്ക് എത്തിയിട്ടില്ല. ഓരോ സ്ഥലത്തും ഇതുപോലുള്ള

ചില സംഭവങ്ങൾ ഉണ്ടാകുന്നുണ്ട്. അങ്ങ് സൂചിപ്പിച്ച കുറിഞ്ഞിപ്പള്ളിയിൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ചർച്ച നടത്തുകയും രണ്ട് കൂട്ടർക്കും ഏറെക്കുറെ തൃപ്തികരമായ പരിഹാരം കണ്ടെത്തുകയും രണ്ടുകൂട്ടരും സമരം പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. ശ്രേഷ്ഠ കത്തോലിക്കാ ബാവ അവിടെയുണ്ടായിരുന്നു. അദ്ദേഹം ആശുപത്രിയിൽപോയിട്ടുണ്ട്. അവിടെ സാഹചര്യങ്ങളെല്ലാം തൃപ്തികരമായി പോകത്തക്കവിധത്തിലുള്ള നടപടി യാണ് ഗവൺമെന്റ് ആലോചിക്കുന്നത്. രണ്ട് കൂട്ടരുംകൂടി സംസാരിച്ച തിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥൻമാരുടെ ഒരു കമ്മിറ്റി കൂടി ഇതിനെ അസിസ്റ്റ് ചെയ്യാൻ വേണമെന്ന തലത്തിലേയ്ക്ക് എത്തിയിട്ടുണ്ട്. അത് രണ്ട് വിഭാഗത്തിൽപ്പെട്ട ആളുകളും ഒരുപോലെ അംഗീകരിക്കു കയും ചെയ്തു. അതിനുശേഷം അവരുടെകൂടി ചർച്ച നടന്നാൽ ഇത് കുറ ച്ചുകൂടി സ്പീഡിൽ പോകാൻ കഴിയുമെന്നുള്ള പ്രതീക്ഷയാണ് ഗവൺമെന്റിനുള്ളത്. അതുകൊണ്ട് ഈ പ്രശ്നം ശാന്തമായി പരിഹരിക്കു ന്നതിനുവേണ്ടി പ്രതിപക്ഷത്തുനിന്നുള്ള സഹകരണമുണ്ടാകണമെന്നാണ് എന്റെ അഭ്യർത്ഥന. സഭാതർക്കം തൃപ്തികരമായ നിലയിൽ പരിഹരിക്കു ന്നതിനുവേണ്ടിയുള്ള സമീപനമാണ് ഗവൺമെന്റിനുള്ളത്.

മി. സ്പീക്കർ : നോ. ചർച്ചയില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഒരു വിഷയം ഉന്നയിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി അതിന് മറുപടി പറഞ്ഞു. സഭാതർക്കം ഇതിൽ ഇല്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, ഞാൻ ഒരു തർക്കത്തിലേയ്ക്ക് വരുന്നില്ല. ഞാനിപ്പോൾ എക്സ്ഗ്രേഷ്യ പെൻഷൻകാരുടെ പ്രശ്നം സംസാരിച്ചുകൊണ്ടിരിക്കുകയാണ്. സബ്മിഷൻ കൊടുത്ത അവസരത്തിലാണ് ഈ പ്രശ്നം വന്നത്. ഞാനത് ബഹുമാനപ്പെട്ട സ്പീക്കറുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ശ്രദ്ധക്ഷണിക്കലിന് ശേഷം സമയം തരാമെന്ന് പറഞ്ഞിരുന്നു. അതുകൊണ്ടാണ് ശ്രദ്ധക്ഷണിക്കൽ കഴിഞ്ഞപ്പോൾ ഞാൻ എഴുന്നേറ്റ് പറഞ്ഞത്. അതിന് ബഹുമാനപ്പെട്ട മന്ത്രി മറുപടിയും പറഞ്ഞു.

**എക്സ്ഗ്രേഷ്യ പെൻഷൻകാരുടെ പെൻഷൻ പരിഷ്കരണം**

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) : സർ, എക്സ്ഗ്രേഷ്യ പെൻഷൻകാരുടെ സ്ഥിതി വളരെ ദയനീയമാണ്. പെൻഷൻപറ്റി 1 മുതൽ 9 കൊല്ലം വരെ ആയാലും 10 കൊല്ലം തികയുന്നി ല്ലെന്നുള്ളതുകൊണ്ട് ഇവർക്ക് യാതൊരു ആനുകൂല്യവും കിട്ടുമായിരുന്നി ല്ല. ഇപ്പോൾ പെൻഷന് അർഹരായ നിരവധി ആളുകളുണ്ട്. അവരുടെ പ്രശ്നത്തിൽ ഗവൺമെന്റ് അടിയന്തര ശ്രദ്ധ പതിപ്പിക്കണം. അനുവദി ച്ചാൽ കിട്ടുന്നതുതന്നെ വളരെ തുച്ഛമായ തുകയാണ്. അടിയന്തരമായി പെൻഷൻ അനുവദിക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണം. അതോടൊപ്പം തന്നെ മറ്റു പെൻഷനുകൾ അവർക്ക് കിട്ടുന്നതിനുള്ള തട സ്സവും ഉണ്ടാകരുത്. ഇതുസംബന്ധിച്ച് ഗവൺമെന്റ് അടിയന്തരമായി ശ്രദ്ധിച്ച് ആവശ്യമായ കാര്യങ്ങൾ ചെയ്യണമെന്ന് അപേക്ഷിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, 10 കൊല്ലം സർവ്വീസ് ഉണ്ടെ ങ്കിൽ മാത്രമാണ് മിനിമം പെൻഷൻ കിട്ടുന്നത്. മിനിമം പെൻഷൻ കിട്ടാൻ അർഹതയില്ലാതെ സർവ്വീസിൽ നിന്ന് പിരിയുന്നവർക്ക് ഒരാശ്വാസം എന്ന നിലയ്ക്കാണ് എക്സ്ഗ്രേഷ്യ പെൻഷൻ അനുവദിച്ച് ഉത്തര വായിട്ടുള്ളത്. ഇത് കാലാകാലങ്ങളിൽ ശമ്പള പരിഷ്കരണത്തോടനുബ ന്ധിച്ച് പുതുക്കിക്കൊടുക്കാറുണ്ട്. അതനുസരിച്ച് ഏറ്റവും ഒടുവിൽ പുതു ക്കിയത് 28-2-2011-ൽ ആണ്. അന്ന് 2160 രൂപ 9 വർഷം സർവ്വീസുള്ള

വർക്ക് കൊടുത്തിരുന്നത് 4050 രൂപയായി വർദ്ധിപ്പിച്ചു. 1-7-2009 തീയതി മുതൽ മുൻകാലപ്രാബല്യവും കൊടുത്തു. ആ കുടിശിക മൂന്നോ നാലോ ഇൻസ്റ്റാൾമെന്റായി ഇപ്പോൾ കൊടുത്ത് തീർത്തതേയുള്ളു. ഇന്നത്തെ വർദ്ധിച്ചുവരുന്ന പെൻഷൻ ബാദ്ധ്യത ഏറ്റവും വലിയ ബാദ്ധ്യതയായി വന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടും 2011-ൽ റിവിഷൻ വരുത്തിയതുകൊണ്ടും പെട്ടെന്നൊരു വർദ്ധനവ് ആലോചിക്കുന്നില്ല. സാധാരണ ശമ്പളപരിഷ്കരണത്തോട് അനുബന്ധിച്ചാണ് ചെയ്യാറുള്ളത്. നിശ്ചയമായും സ്വാഭാവികമായും അടുത്ത ശമ്പളപരിഷ്കണരവുമായി ബന്ധപ്പെട്ട് ഇത് പരിഷ്കരിക്കും. കുടുംബപെൻഷൻ എന്നുള്ളത് ഇതുവരെ അംഗീകരിച്ചിട്ടില്ല. പെൻഷൻ ബാദ്ധ്യത വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കുടുംബപെൻഷൻ കൊടുക്കുന്ന കാര്യം ഇപ്പോൾ തീരുമാനിച്ചിട്ടില്ല.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : സർ, സീറോ അവർ എന്നുപറയുന്നത്, ചോദ്യോത്തരവേള കഴിഞ്ഞ് ബിസിനസ് തുടങ്ങുന്നതിനുമുമ്പുള്ള സമയമല്ലേ.

മി. സ്പീക്കർ : അല്ല. സാധാരണഗതിയിൽ ഇത്തരം കാര്യങ്ങൾ ഇവിടെ സ്റ്റാർട്ട് ചെയ്തിട്ടാണ് എടുക്കുന്നത്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : സീറോ അവർ എന്നുപറഞ്ഞാൽ എന്താണ്? ബിസിനസ് തുടങ്ങുന്നതിനുമുമ്പുള്ള സമയമല്ലേ?

മി. സ്പീക്കർ : അല്ല

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : ചെയർ അല്ലെന്ന് പറഞ്ഞാൽ അല്ല.

മി. സ്പീക്കർ : ചെയർ തെറ്റ് പറഞ്ഞാൽ അത് ശരിയാകില്ല.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : ഞാൻ മനസ്സിലാക്കിയതനുസരിച്ച് ചോദ്യോത്തരവേള കഴിഞ്ഞ് ബിസിനസ് തുടങ്ങുന്നതിനുമുമ്പുള്ള സമയമാണ് സീറോ അവർ.

മി. സ്പീക്കർ : അത് പരിശോധിച്ച് പറയാം.

## പി.എസ്.സി നിയമനം

ശ്രീ. വി.റ്റി. ബൽറാം : സർ, സർക്കാരിന്റെ കീഴിലെ പല വകുപ്പുകളിലും നിരവധി തസ്തികകളിലേയ്ക്ക് നിയമനത്തിനായി പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ടെങ്കിലും അതിൽ നിന്ന് നിയമനങ്ങൾ ഊർജ്ജിതമായി നടക്കുന്നില്ലെന്ന പരാതി വ്യാപകമാകുന്നുവെന്നുള്ള കാര്യം താങ്കളുടെ സജീവശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട് നിയമനത്തിനായി കാത്തിരിക്കുന്ന ചെറുപ്പക്കാരെ സംബന്ധിച്ചിടത്തോളം ഇത് ആശങ്കാജനകമായിട്ടുള്ള കാര്യമാണ്. റാങ്ക് ഹോൾഡേഴ്സിന്റെ പല സംഘടനകളും ഇക്കാര്യത്തിൽ പ്രത്യക്ഷസമര പരിപാടികൾ തന്നെ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഇതിനിടയിലാണ് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ള പല തസ്തികകളിലേയ്ക്കും അതിൽ നിന്ന് നിയമനം നടത്താതെ ആയിരക്കണക്കിന് താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താനുള്ള നീക്കങ്ങൾ നടക്കുന്നതായുള്ള വാർത്തകൾ പുറത്തുവരുന്നത്. കെ.എസ്.ആർ.ടി.സി.യിൽ ഇത്തരത്തിലുള്ള ഒരു ആക്ഷേപമുണ്ട്. 9000-ത്തോളം കണ്ടക്ടർ തസ്തികകൾ നിയമനത്തിനായി പി.എസ്.സി.ക്ക് നേരത്തേ റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ ഏതാണ്ട് 3000-ത്തോളം തസ്തികകൾ മാത്രമേ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്ന് എടുക്കുന്നുള്ളുവെന്ന വാർത്തകളാണ് പുറത്ത് വരുന്നത്. റാങ്ക് ഹോൾഡേഴ്സിന്റെ ആശങ്ക വർദ്ധിപ്പിക്കുന്ന നീക്കമാണിത്. കഷ്ടപ്പെട്ട് പഠിച്ച് വർഷങ്ങളുടെ തയ്യാറെടുപ്പിനൊടുവിൽ പരീക്ഷയെഴുതി പി.എസ്.സി. റാങ്ക്

ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ തൊഴിൽ സ്വപ്നങ്ങളാണ് ഇതുമൂലം ആശങ്കയി ലാകുന്നത്. ഈ സാഹചര്യത്തിൽ ഇക്കാര്യത്തിൽ ക്ലാരിഫിക്കേഷനും അതുപോലെ പെൻഷൻ പ്രായം ഉയർത്തുന്നുവെന്നുള്ള ആക്ഷേപം ഉയ രുന്ന സാഹചര്യത്തിൽ ബഹുമാന്യനായ മുഖ്യമന്ത്രി നേരത്തേ ക്ലാരിഫൈ ചെയ്തതുപോലെ പെൻഷൻ പ്രായം ഉയർത്താനുള്ള നീക്കം ഈ ഗവൺമെന്റിന്റെ കാലയളവിനുള്ളിൽ ഉണ്ടാകില്ലെന്നുള്ള കൃത്യമായ ഉറപ്പും ലഭിക്കുകയാണെങ്കിൽ തൊഴിൽ രഹിതരായിട്ടുള്ള യുവാക്കൾക്ക് വലിയ ആശ്വാസമായിരിക്കും. ഇക്കാര്യത്തിൽ യുവജനസംഘടനകളും പി.എസ്.സി. റാങ്ക് ഹോൾഡേഴ്സും ഉയർത്തുന്ന അഭിപ്രായങ്ങൾ പരിഗ ണിച്ചുകൊണ്ട് യുവാക്കൾക്ക് പ്രതീക്ഷ നൽകുന്ന തീരുമാനെടുക്കണമെ ന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, പെൻഷൻപ്രായം വർദ്ധിപ്പി ക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ലെന്ന കാര്യം അർത്ഥശങ്കയ്ക്കിടയില്ലാതെ പറഞ്ഞതാണ്. അത് ഞാൻ വീണ്ടും ആവർത്തിക്കുകയാണ്. ഏതെങ്കിലും നീക്കം ഉണ്ടെങ്കിൽത്തന്നെ എല്ലാ യുവജനസംഘടനകളേയും വിശ്വാസത്തിലെടുത്ത് അവരുമായി ചർച്ച ചെയ്ത് അവർക്കും കൂടി സ്വീകാര്യമായ തീരുമാനത്തിലല്ലാതെ മുമ്പോട്ട് പോകില്ല. രണ്ടാമതായി, നിയമനനിരോധനമില്ല. 13,000-ൽ അധികം തസ്തികകൾ ഈ ഗവൺമെന്റ് വന്നതിനുശേഷം പുതിയതായി അനുവദി

ച്ചിട്ടുണ്ട്. ഏറ്റവും കൂടുതൽ തസ്തികകൾ അനുവദിച്ചിരിക്കുന്നത് പോലീസ് വകുപ്പിലും ആരോഗ്യവകുപ്പിലും കെ.എസ്.ആർ.ടി.സി.യിലുമാണെന്നുള്ളത് വളരെ വ്യക്തമാണ്. പി.എസ്.സി. വഴി 40000-ൽ അധികം പേരെ നിയമിച്ചിട്ടുണ്ട്. ഇത് റിക്കാർഡ് നമ്പരാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ വേക്കൻസിയും ലിസ്റ്റും ഉണ്ടായിരുന്നിട്ടും ആളിനെ നിയമിക്കുന്നില്ലെന്നത് മെമ്പർമാരുടെ ശ്രദ്ധയിൽപ്പെട്ടാൽ അവരെ നിയമിക്കുന്നതിന് നിർദ്ദേശം കൊടുക്കുക മാത്രമല്ല, ലിസ്റ്റ് ഉണ്ടായിരുന്നിട്ടും വേക്കൻസി റിപ്പോർട്ട് ചെയ്യാതിരുന്ന ഉദ്യോഗസ്ഥരോട് അതിന് വിശദീകരണവും ചോദിക്കുമെന്ന് ഞാൻ ഈ സഭയിൽ പറയുകയാണ്. കാരണം വേക്കൻസിയും ലിസ്റ്റും ഉണ്ടെങ്കിൽ  കൃത്യമായി വേക്കൻസി റിപ്പോർട്ട് ചെയ്യണമെന്ന്  വ്യക്തമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതിൽ വീഴ്ചവരുത്തുന്നവരുടെ പേരിൽ നടപടിയെടുക്കുന്നതായിരിക്കും. ഇവിടെ പറഞ്ഞതുപോലെ കെ.എസ്.ആർ.ടി.സി.യുടെ കാര്യത്തിൽ ഒരു പ്രശ്നമുണ്ടായിട്ടുണ്ട്. 9016 ഒഴിവുകൾ റിപ്പോർട്ട് ചെയ്തു. പക്ഷേ യഥാർത്ഥത്തിലുള്ളത് 3808 ഒഴിവുകളാണ്. ആയിരം പുതിയ ബസുകൾ എടുക്കാൻ തീരുമാനിച്ചപ്പോൾ ആ ബസ്സിലേയ്ക്ക് ആവശ്യമായ തസ്തികകൾ കൂടി കൂട്ടിയാണ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തത്. ആയിരം ബസ്സുകൾ വന്നാൽ അതിൽ ഭൂരിപക്ഷം ബസ്സുകളും റീ-പ്ലെയ്സ്മെന്റ് ആയിരിക്കും. അങ്ങനെ വന്നപ്പോൾ ഇതിൽ ഒരു പിശക് കണ്ടെത്തുകയും ആ വിവരം പി.എസ്.സി.യെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. പിൻവാതിലിലൂടെ

ആളിനെ നിയമിക്കാൻ വേണ്ടിയാണോ വേക്കൻസി റിപ്പോർട്ട് ചെയ്തതി നുശേഷം വേക്കൻസിയില്ലെന്ന് പറഞ്ഞത്, ഇതിന്റെ പേരിൽ ആരെയെ ങ്കിലും സ്ഥിരപ്പെടുത്തുമോ തുടങ്ങിയ സംശയങ്ങൾ ഉണ്ടായിട്ടുണ്ട്. ഒരാ ളെപ്പോലും പി.എസ്.സി. വഴിയല്ലാതെ ഈ പോസ്റ്റുകളിലേയ്ക്ക് നിയമി ക്കില്ലെന്ന് ഞാൻ ഉറപ്പുപറയുന്നു. പി.എസ്.സി.യെ ഈ വിവരം അറയിച്ചി ട്ടുണ്ട്. ഇനി പി.എസ്.സി. യാണ് ഇതുസംബന്ധിച്ച് തീരുമാനം എടുക്കേ ണ്ടത്.

Uncorrected / Not for publication

## കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികൾ

ശ്രീ.എ.എ. അസീസ് : സർ, കേരളത്തിലെ 5 ജില്ലകളിലായി 30-ൽ പരം കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികൾ കഴിഞ്ഞ 2 മാസക്കാലമായി പൂട്ടിക്കിടക്കുകയാണ്. ഇപ്പോൾ കാപ്പക്സിന്റെ 10 ഫാക്ടറികളും പൂട്ടി. കോർപ്പറേഷൻ ഫാക്ടറികളിൽ മാത്രം പണിയെടുക്കുന്ന 17500 തൊഴിലാളികൾ ഉൾപ്പെടെ ഏതാണ്ട് 25000-ത്തോളം തൊഴിലാളികൾ ഇപ്പോൾ പട്ടിണിയിലാണ്; പൂർണ്ണമായ പട്ടിണിയിൽ ആണെന്ന് പറയാൻ പറ്റില്ല. ഈ ഫാക്ടറികൾ അടച്ചിട്ടതുമൂലം തൊഴിലാളികൾ സ്വകാര്യ മേഖലയിലെ ഫാക്ടറികളിൽ ചേക്കേറുകയും അവിടെ വൻതോതിലുള്ള നിയമനനിഷേധം നടന്നുവരികയുമാണ്. എല്ലാകാലത്തും അങ്ങനെ തന്നെയാണ്. കോർപ്പറേഷന്റെയും കാപ്പക്സിന്റെയും ഫാക്ടറികൾ അടച്ചുപൂട്ടിയാൽ സ്വകാര്യ മുതലാളിമാർക്ക് കൊയ്ത്തിനുള്ള അവസരമാണ് ലഭിക്കുന്നത്. ബഡ്ജറ്റിൽ വകയിരുത്തിയ 15 കോടി രൂപ ലഭിക്കാതിരുന്നതുമൂലം തോട്ടണ്ടി വാങ്ങാൻ കശുവണ്ടി വികസന കോർപ്പറേഷന് കഴിയുന്നില്ല, വർക്കിംഗ് കാപ്പിറ്റലില്ല തുടങ്ങിയ കാരണത്താലാണ് ഫാക്ടറികൾ തുറക്കാതിരിക്കുന്നത്. അടിയന്തരമായി ആ തുക ലഭ്യമാക്കുന്നതിനും ഫാക്ടറികൾ തുറപ്പിക്കുന്നതിനും വേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്നുള്ളതാണ് എനിക്ക് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടാനുള്ളത്.

Uncorrected / Not for publication

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, കഴിഞ്ഞ കലണ്ടർ വർഷം 288 ദിവസം ജോലി കൊടുത്തു. അതൊരു സർവ്വകാല റിക്കോർഡാണ്. ഈ വർഷം 231 ദിവസം ജോലി കൊടുത്തു. 01/11/2012 മുതൽ ഫാക്ടറികളുടെ പ്രവർത്തനം നിലച്ചു. അങ്ങനെ വന്നത് ഇപ്പോഴുള്ള സിസ്റ്റം അത്ര ട്രാൻസ്പേരന്റ് അല്ലാത്തതുകൊണ്ടാണ്. അതുമാറ്റാൻ വേണ്ടി ഫിനാൻസിലെ ഇൻസ്പെക്ഷൻ വിംഗിന്റെ ഒരു റിപ്പോർട്ടുവന്നു. അതിൽ എസ്. റ്റി. സി. മുഖാന്തിരം ആയിരിക്കണം പർച്ചേസും സെയിൽസുമൊക്കെ നടത്തേണ്ടതെന്ന് പറയുന്നുണ്ട്. ഗവൺമെന്റ് അത് പഠിച്ചുവരുന്നതേയുള്ളൂ. അതിനിടയിൽ ഇങ്ങനെ പ്രവർത്തനം നിലയ്ക്കാൻ പാടില്ല. അതുപറഞ്ഞ് ബഡ്ജറ്റിലുള്ള പണം കൊടുക്കാതിരിക്കുന്നതും ശരിയല്ലായെന്ന നിലപാട് വ്യവസായവകുപ്പ് എടുത്തിട്ടുണ്ട്. ഇന്നത്തെ ക്യാബിനറ്റ് ബാക്കിയുള്ള പണം കൊടുക്കുന്ന കാര്യം ചർച്ച ചെയ്യുകയും തീരുമാനം എടുക്കുകയും ചെയ്യും.

മി. സ്പീക്കർ : ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ശ്രീ. അടൂർ പ്രകാശിന് ഒരു യോഗമുള്ളതുകൊണ്ട് ക്രമം തെറ്റി വിളിക്കുന്നു.

Uncorrected / Not for publication

**പേരാമ്പ്ര റെഗുലേറ്റഡ് മാർക്കറ്റിംഗ് കമ്മിറ്റി വക ഭൂമി**

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : സർ, വളരെ പ്രധാനപ്പെട്ട ഒരു കാര്യം റവന്യൂവകുപ്പ് മന്ത്രിയുടെയും സർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്താൻ വേണ്ടിയാണ് ഈ സബ്മിഷൻ. സർക്കാരിന്റെ സമ്പത്ത് നഷ്ടപ്പെട്ടുപോകാതിരിക്കാൻ വേണ്ടിയുള്ള കാര്യമാണ്. പേരാമ്പ്രയിലെ മലബാർ മാർക്കറ്റിംഗ് കമ്മിറ്റിയുടെ പേരാമ്പ്ര ടൗണിന്റെ ഹൃദയഭാഗത്തുള്ള 1.36 ഏക്കർ ഭൂമി സർക്കാർ ഉത്തരവ് നമ്പർ 2219/03/റവന്യൂ. തീയതി 29/2003 പ്രകാരം സ്വകാര്യ വ്യക്തിക്ക് നൽകാൻ ഉത്തരവായിരുന്നു. ഈ ഉത്തരവിനെതിരെ പേരാമ്പ്ര ഗ്രാമപഞ്ചായത്ത് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽനിന്ന് സ്റ്റേ സമ്പാദിക്കുകയും ഭൂമി പേരാമ്പ്ര ഗ്രാമപഞ്ചായത്തിന് വിട്ടുകൊടുക്കുന്നതിന് അപേക്ഷയും നൽകിയിരുന്നു. പ്രസ്തുത കേസ്സിൽ 20/11/2012 -ൽ സർക്കാർ ഉത്തരവിന് അനുകൂലമായി വിധിയായിട്ടുണ്ട്. മേൽ വിധിന്യായത്തിൻമേൽ സർക്കാർ എതിർകക്ഷിക്ക് അനുകൂലമായി എടുത്ത തീരുമാനത്തിൽ ഇടപെട്ട് കോടികൾ വിലവരുന്ന പേരാമ്പ്ര ടൗണിന്റെ ഹൃദയഭാഗത്തുള്ള ഭൂമി സർക്കാർ അധീനതയിലാക്കുന്നതിന് നടപടി സ്വീകരിക്കണം. വിവിധ ആവശ്യങ്ങൾക്കായി പേരാമ്പ്ര ഗ്രാമപഞ്ചായത്തിന് ധാരാളം ഭൂമി ആവശ്യമുണ്ടെന്നിരിക്കെ പഞ്ചായത്തിന്റെ അപേക്ഷ പരിഗണിക്കാതെ ഭൂമി സ്വകാര്യ വ്യക്തിക്ക് നൽകിയ നടപടി പിൻവലിക്കണം. ഒരിക്കൽ

ഭൂമി പ്രത്യേക ആവശ്യത്തിനായി എടുത്താൽ പ്രസ്തുത ഉദ്ദേശത്തിനായി ആ ഭൂമി ഉപയോഗിച്ചില്ലെങ്കിൽ ഭൂ ഉടമയ്ക്ക് ആ ഭൂമിയിൽ അവകാശമില്ലെന്നിരിക്കെ ഉത്തരവ് പിൻവലിച്ച് നഷ്ടപരിഹാരം നൽകി ഭൂമി തിരിച്ചെടുക്കാവുന്നതാണ്. അതനുസരിച്ച് പേരാമ്പ്ര ടൗണിന്റെ ഹൃദയഭാഗത്തുള്ള പ്രസ്തുത ഭൂമി സർക്കാർ അധീനതയിലാക്കാൻ നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അപേക്ഷിക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>) : സർ, പേരാമ്പ്രയിലെ മലബാർ മാർക്കറ്റിംഗ് കമ്പനിക്ക് ഗോഡൗൺ, യാർഡ്, ഓഫീസ് എന്നിവ നിർമ്മിക്കുന്നതിനായി ശ്രീമതി കല്യാണിയമ്മ എന്നയാളുടെ 1.36 ഏക്കർ ഭൂമി സർക്കാർ ഏറ്റെടുത്തു. എന്നാൽ ടി കമ്പനി ലിക്വിഡേറ്റ് ചെയ്യപ്പെട്ടതിനെ തുടർന്ന് പ്രസ്തുത സ്ഥലം ലേലം ചെയ്യുന്നതിനുള്ള തുടർനടപടിക്രമങ്ങൾ നടന്നുവരവെ ഉടമസ്ഥ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ്സ് ഫയൽ ചെയ്ത് ഭൂമി തിരികെ നൽകണമെന്നാവശ്യപ്പെടുകയുണ്ടായി. തുടർന്നുണ്ടായ കോടതി വിധിയനുസരിച്ച് സർക്കാർ ഇക്കാര്യം പരിഗണിക്കുകയും പരാതിക്കാരിക്ക് ഭൂമിയുടെ വിലയായി നൽകിയ തുകയും നിയമാനുസൃത പലിശയും ചേർത്തുള്ള തുകയോ മാർക്കറ്റ് വിലയോ ഏതാണ് അധികം അത് ഈടാക്കിക്കൊണ്ട് തിരിച്ചു നൽകുന്നതിന് 29/07/2003 -ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ ഇതിനെ

ചോദ്യം ചെയ്ത് പേരാമ്പ്ര പഞ്ചായത്ത് പ്രസിഡന്റ് ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചു. ടി ഉത്തരവ് നടപ്പിലാക്കുന്നതിന് 2003-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി നൽകിയ താൽക്കാലിക സ്റ്റേ 2004-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി സ്ഥിരപ്പെടുത്തി. ഇതിൻമേൽ നടന്ന കേസ്സിന്റെ അന്തിമ വിധിയുണ്ടായത് 20/11/2012-ലാണ്. ഈ വിധി പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## ഏലം കർഷകരുടെ പ്രശ്നങ്ങൾ

ശ്രീ. റോഷി അഗസ്റ്റിൻ : സർ, ഏലം കർഷകർ ഇന്ന് വളരെ ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. ഉൽപ്പാദനത്തിന് അനുസൃതമായ വില കർഷകർക്ക് ലഭിക്കുന്നില്ല. അതുകൊണ്ട് ഏലക്കായ്ക്ക് തറവില നിശ്ചയിക്കേണ്ട ആവശ്യമാണ് ഇവിടെ ഉന്നയിക്കുന്നത്. കർഷകർ ഉൽപ്പാദിപ്പിക്കുന്ന ഏലക്ക സ്വതന്ത്രമായി വിപണനം ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കണം. സ്വതന്ത്രമായി വിപണനം വന്നാൽ കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ കഴിയും. ഇന്ന് ഇവിടെ നിലനിൽക്കുന്ന രീതിയനുസരിച്ച് അതിനുള്ള അവസ്ഥയില്ല. അതുകൊണ്ട് Cardamom Act -ൽ ചില ഭേദഗതികൾ വരുത്തി സ്വതന്ത്രമായി വിപണനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. അതോടൊപ്പം തന്നെ കാലോചിതമായ ചില മാറ്റങ്ങളും വിൽപ്പനയിലുള്ള കേന്ദ്രസംസ്ഥാന നികുതികളും കർഷകരെ പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. കേരള നികുതി ചട്ടപ്രകാരം സംസ്ഥാനന്തര വ്യാപാരത്തിലേർപ്പെടുന്ന കേരള രജിസ്ട്രേഷൻ വ്യാപാരിക്ക് 5 ശതമാനം വില കൂടുതൽ കൊടുക്കേണ്ടിവരുന്നു. അതുകൊണ്ട് കേരള വ്യാപാരികൾക്ക് ലേലത്തിൽ പങ്കെടുക്കാൻ സാധിക്കുന്നില്ല. നിലവിലുള്ള വ്യവസ്ഥ പ്രകാരം ഒരു കേരള രജിസ്ട്രേഷൻ വ്യാപാരി ലേലത്തിൽ പങ്കെടുത്ത് ലേലം വാങ്ങിയാൽ

വാറ്റ് 5 ശതമാനവും സെസ്സായി 0.04 ശതമാനവും കൂടി കൂട്ടി 5.04 ശതമാനം നികുതി അടയ്ക്കണം. കേരളത്തിന് വെളിയിലേയ്ക്ക് ചരക്ക് അയയ്ക്കണമെങ്കിൽ 2 ശതമാനം സി.എസ്.റ്റി. യും അടയ്ക്കണം. അതേസമയം ഒരു തമിഴ്നാട് രജിസ്ട്രേഷൻ വ്യാപാരി ലേലത്തിൽ പങ്കെടുത്ത് വാങ്ങുന്ന ചരക്ക് ഇന്റർ സ്റ്റേറ്റ് എന്ന നിലയിൽ 2 ശതമാനം സി.എസ്.റ്റി. മാത്രം അടച്ചുകൊണ്ട് പോകാവുന്നതാണ്. അവിടെ നിന്നും ആ വ്യാപാരി മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് സ്റ്റോക്ക് ട്രാൻസ്ഫർ എന്ന നിലയിൽ നികുതിയൊന്നും അടയ്ക്കാതെ ചരക്ക് അയയ്ക്കുകയും ചെയ്യാം. ഈ അവസ്ഥ മാറ്റി കേരള വ്യാപാരികൾ കൂടുതലായി പങ്കെടുത്ത് ഏലം വ്യവസായം കേരളത്തിൽ നിലനിർത്തുന്നതിനുവേണ്ടി കൊച്ചിവഴി വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിലേക്ക് ചരക്ക് അയയ്ക്കുന്നതിന് സഹായകരമായ തരത്തിൽ ഏലത്തിന്റെ 5 ശതമാനം വാറ്റ് എടുത്തുകളഞ്ഞ് ഇതര സംസ്ഥാനങ്ങൾക്ക് തുല്യമായി നികുതി ഏകീകരിക്കേണ്ടതാണ് ഏറ്റവും അടിയന്തരമായ വിഷയം. അതോടൊപ്പം ഏലത്തിന് സ്വതന്ത്ര വിപണി വേണമെന്നുള്ള ആവശ്യം ശക്തമായിരിക്കുകയാണ്. നിലവിലുള്ള ലേല സമ്പ്രദായം തുടരുന്നതിനോടൊപ്പം തന്നെ കർഷകർക്ക് വിപണിയിൽ സ്വതന്ത്രമായി ഇടപെടുന്നതിനുള്ള അവസരം കൊടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ.

Uncorrected / Not for publication

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, മറ്റെല്ലാ വിളകൾക്കുമെന്നപോലെ ഏലത്തിനും ഉൽപ്പാദന ചെലവ് ഗണ്യമായി കൂടിയിട്ടുണ്ട്. വളത്തിന് അനുഭവപ്പെട്ട വിലവർദ്ധനവ് സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ഞാനിവിടെ മേശപ്പുറത്ത് വയ്ക്കുകയാണ്. 1957 -ലെ ഏലം ലൈസൻസിംഗ് ആന്റ് മാർക്കറ്റിംഗ് ചട്ടങ്ങളിൽ ഏലത്തിന്റെ ലേലം, ലൈസൻസ് എന്നിവ സംബന്ധിച്ച് ചട്ടങ്ങളോ മാർഗ്ഗനിർദ്ദേശങ്ങളോ ഇല്ലാതിരുന്നതിനാൽ ഇതുസംബന്ധിച്ച് പുതിയ ചട്ടങ്ങളും വ്യവസ്ഥകളും നിശ്ചയിക്കുന്നതിനായി സ്പൈസസ് ബോർഡ് നടപടി സ്വീകരിച്ചുവരുന്നു. ഏലം കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ട ഏലം ഡീലേഴ്സിന് നേരിട്ടോ ലേലം മുഖേനയോ വിൽക്കുന്നതിന് അനുവദിക്കാനും സ്പൈസസ് ബോർഡ് തീരുമാനിച്ചിട്ടുണ്ട്. അതായത് ലേലത്തിൽക്കൂടി മാത്രമേ കർഷകന് ഏലം വിറ്റഴിക്കാവൂ എന്ന് നിർബന്ധമില്ല. ഏലം കർഷകർക്ക് സ്ഥിരമായ പ്രത്യേക രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്ന വിഷയം പരിഗണനയിലാണ്. അതുപോലെതന്നെ കുരുമുളക് ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്നതുപോലെ ഏലക്കായും വിൽപ്പന നടത്താനുള്ള സ്വാതന്ത്ര്യം പരിഗണനയിലാണ്. ഏലം വിൽപ്പനയിൽ ഇപ്പോൾ രണ്ടുതരം നികുതി സമ്പ്രദായം നിലനിൽക്കുന്നുണ്ട്. സംസ്ഥാനത്തിന് പുറത്തുനിന്നും വന്ന് ഏലം

Uncorrected / Not for publication

വാങ്ങിക്കൊണ്ടുപോകുന്നവർ 2 ശതമാനം സി.എസ്.റ്റി. അടച്ചാൽ മതിയാകും. പക്ഷേ കേരളത്തിനുള്ളിൽ വിപണനം നടത്തുമ്പോൾ 5 ശതമാനം വാറ്റ് അടയ്ക്കണം. ഏലത്തിന്റെ 80 ശതമാനം വിപണിയും കേരളത്തിന് പുറത്തായതിനാൽ 5 ശതമാനം വാറ്റ് നൽകി വിപണനം ചെയ്യപ്പെടുന്ന ഏലം കേരളത്തിന് പുറത്തുകൊണ്ടുപോകുമ്പോൾ ചെക്ക്പോസ്റ്റിൽ 2 ശതമാനം സി.എസ്.റ്റി. കൂടി അടയ്ക്കേണ്ടിവരുന്നു. കേരളത്തിന് പുറത്തുള്ള വ്യാപാരികൾ 2 ശതമാനം മാത്രം നൽകിയാൽ മതിയാകും. നികുതി ഘടനയിലുള്ള ഈ അസന്തുലിതാവസ്ഥ മനസ്സിലാക്കി ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ വിഷയം ചർച്ച ചെയ്ത് താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. റീഫണ്ട് ചെയ്യേണ്ട 5 ശതമാനം വാറ്റ് നികുതിയിലുള്ള കുടിശിക ഒരു മാസത്തിനകം നൽകി തീർക്കുക, സംസ്ഥാനത്തിന് പുറത്തേയ്ക്ക് ഏലം കൊണ്ടുപോകുമ്പോൾ ചെക്ക്പോസ്റ്റിൽ അടയ്ക്കേണ്ട 2 ശതമാനം സി.എസ്.റ്റി. ടാക്സ് റിട്ടേൺ ഫയൽ ചെയ്യുമ്പോൾ നൽകിയാൽ മതിയെന്നതിലെ ചട്ടങ്ങൾ ഭേദഗതി വരുത്തുക, സംസ്ഥാനത്തിന് പുറത്തേയ്ക്ക് ഏലം കൊണ്ടുപോകുമ്പോൾ റീഫണ്ട് ചെയ്യേണ്ട 5 ശതമാനം വാറ്റ് നികുതി വർഷാവസാനം നൽകുന്ന രീതി മാറ്റി പെട്ടെന്നുതന്നെ നൽകത്തക്കരീതിയിൽ ബന്ധപ്പെട്ട നിയമങ്ങളിൽ ഭേദഗതി വരുത്തുക. ഇതനുസരിച്ച് റീഫണ്ട് ചെയ്യുവാനുള്ള കുടിശിക പൂർണ്ണമായും കൊടുത്തു തീർത്തിട്ടുണ്ട്. ചെക്ക്പോസ്റ്റിൽ 2 ശതമാനം

സി.എസ്.റ്റി. അടയ്ക്കണമെന്ന നിബന്ധന ടാക്സ് റിട്ടേൺ ഫയൽ ചെയ്യുമ്പോൾ അടച്ചാൽ മതി. റീഫണ്ട് ഉടൻ കൊടുത്തു തീർക്കുവാൻ ബന്ധപ്പെട്ട നിയമങ്ങളിൽ ഭേദഗതി വരുത്തുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുമുണ്ട്. ഇത്തരത്തിൽ ഏലയ്ക്ക വിൽപ്പനയിലുള്ള നികുതിഘടനയിലുണ്ടായിരിക്കുന്ന അപാകത പരിഹരിക്കപ്പെട്ടിട്ടുണ്ട്. ഈ തീരുമാനമനുസരിച്ച് സംസ്ഥാനത്തിനകത്തുനിന്നും പുറത്തുനിന്നുമുള്ള വ്യാപാരികളെന്ന വ്യത്യാസമില്ലാതെ ഏലം വിപണനം ചെയ്ത് സംസ്ഥാനത്തിന് പുറത്തേയ്ക്ക് കൊണ്ടുപോകുമ്പോൾ 2 ശതമാനം സി.എസ്.റ്റി. മാത്രം നൽകിയാൽ മതി.

**റബ്ബർ വിലയിടിവ്**

ശ്രീ. സാജു പോൾ: സർ, റബ്ബർ വിലയിടിവ് വിവരണാതീതമായ ഒരു ഗുരുതരാവസ്ഥയിലേയ്ക്കാണ് നമ്മുടെ കേരളത്തെ നയിച്ചുകൊണ്ടിരിക്കുന്നത്. 2011 മെയ് മാസം ആർ.എസ്.എസ്. 4-ന് കിലോയ്ക്ക് 234.50 പൈസ ഉണ്ടായിരുന്നു. 2012 നവംബർ മാസത്തിൽ അത് 175.50 പൈസ ആയി. റബ്ബറിന്റെ ആസ്ഥാനം കോട്ടയമാണല്ലോ. ഇന്നത്തെ വില 165 രൂപയാണ്. പക്ഷെ വിപണിയിൽ 154 രൂപയാണ് ലഭിക്കുന്നത്. 234 രൂപ ഉണ്ടായിരുന്നത് 154 രൂപയായിട്ടും അത് പോരെയെന്ന് ചോദിക്കുന്ന ഭരണ കക്ഷിയിലെ ആളുകളുടെ മനോഭാവം ഒന്ന് ആലോചിച്ചുനോക്കണം. പത്തനംതിട്ടയിലെ റബ്ബർ കർഷകരുടെ ഇന്നത്തെ സ്ഥിതി എന്താണെന്ന് നിങ്ങൾ നാട്ടിലിറങ്ങി അന്വേഷിക്കണം. 903700 ടൺ വരുന്ന ഇന്ത്യയിലെ ആഭ്യന്തര ഉത്പാദനത്തിൽ 90 ശതമാവും കേരളത്തിലാണ്. 8,000 കോടി രൂപയുടെ നഷ്ടം കേരളത്തിലെ റബ്ബർ കൃഷിക്കാർക്കുണ്ടായി. മെട്രോ റയിൽവേയ്ക്ക് 6000 കോടി രൂപയും ശബരിപ്പാതയ്ക്ക് 1500 കോടി രൂപയുമാണ് ഉള്ളത്. പിന്നേയും 500 കോടി രൂപ ബാക്കി വരും. യഥാർത്ഥ വില ഈ കർഷകർക്ക് കൊടുത്തിരുന്നുവെങ്കിൽ....... 500 കിലോ റബ്ബറുമായി കോട്ടയത്തുചെന്നാൽ വാങ്ങാൻ ആളില്ല. വിപണന ശൃംഖല തകർന്നു. തേങ്ങയും കുരുമുളകും ഉൾപ്പെടെ അവധിവ്യാപാരം ഊഹംക

Uncorrected / Not for publication

ച്ചവടം വഴിയാണ് തകർന്നത്. റബ്ബർ കൃഷിയേയും ഈ അവധിവ്യാപാരം തകർക്കും. നിരവധി ചെറുകിട വ്യാപാരികൾ നാടുവിട്ട് പോകുകയും ആത്മഹത്യ ചെയ്യുകയും ചെയ്തു. വില സ്ഥിരതയില്ലായ്മയും ഏറ്റക്കുറ ച്ചിലും വിപണിയെ തകർത്തിരിക്കുകയാണ്. ഈ വിപണനശൃംഖലയെ സംരക്ഷിക്കണം. റബ്ബറധിഷ്ഠിത മരവ്യവസായ സ്ഥാപനങ്ങൾ ഇപ്പോൾ അടച്ചിട്ടിരിക്കുകയാണ്. 20 കൊല്ലമായ റബ്ബർത്തടി വെട്ടി പെരുമ്പാവൂ രിലെ പ്ലൈവുഡ് കമ്പനികൾക്ക് കൊടുക്കാമെന്ന് തീരുമാനിച്ചാൽ ആ മര വ്യവസായ സ്ഥാപനങ്ങൾ അടച്ചിട്ടിരിക്കുകയാണ്. ഇന്നവർ കളക്ടറേറ്റി ലേയ്ക്ക് മാർച്ച് ചെയ്യുകയാണ്. ഈ സഭയിലെതന്നെ ശ്രീ. രാജു എബ്ര ഹാം, ശ്രീ.റ്റി.യു. കുരുവിള, ശ്രീ. മോൻസ് ജോസഫ്, ശ്രീ. ജോസഫ് വാഴ ക്കൻ, ശ്രീ. സണ്ണി ജോസഫ് തുടങ്ങിയവരൊക്കെ റബ്ബർ കർഷകരാണ്. ഇങ്ങനെ വില നിയന്ത്രണാതീതമായി ഇടിഞ്ഞാൽ ഈ പറയുന്ന എം. എൽ.എ.മാർ ഉൾപ്പടെ ആത്മഹത്യ ചെയ്യേണ്ട സാഹചര്യമാണ് വരുന്നത്.

മി. സ്പീക്കർ: ശ്രീ.സാജു പോൾ, ഇവിടെ കർഷകർ ഒരുപാട് പ്രതി സന്ധി നേരിടുന്നുണ്ട്. അതിന് ഈ റാങ്കിലുള്ളവരെക്കൂടി നാണ്യവിള കർഷകരായി ഉൾപ്പെടുത്തണ്ട. അങ്ങ് അങ്ങയുടെ വിഷയത്തിലേയ്ക്ക് വരണം.

ശ്രീ. സാജു പോൾ: സർ, ജീവിക്കാൻ ധൈര്യമില്ലാത്തവരാണ് ആത്മഹത്യ ചെയ്യുന്നത്. ആത്മഹത്യ ചെയ്യാനും ധൈര്യമില്ലാത്ത ആളു കൾ ചിലപ്പോൾ ജീവിക്കുമായിരിക്കും. 20 ശതമാനമായിരുന്ന ഇറക്കു

മതി ചുങ്കം 7 ശതമാനമാക്കി ചുരുക്കി. 40000 ടൺ റബ്ബർ ഇറക്കുമതി ചെയ്യാൻ അധികാരം കൊടുത്തു. ഈ മാർച്ച് മാസം 31-ാം തീയതിക്കു ശേഷം 20 ശതമാനം ചുങ്കമാണോ 20 രൂപയാണോ കുറവ് എന്ന് നോക്കിയിട്ട് അതാണ് ചുങ്കമായി നിശ്ചയിച്ചിട്ടുള്ളത്. 16 എം.പി.മാർ, 8 കേന്ദ്രമന്ത്രിമാർ കേരളത്തിനുവേണ്ടി ഡൽഹിയിലുള്ളപ്പോൾ കേന്ദ്ര മന്ത്രി സഭയിലെ രണ്ടാമൻ തന്നെ കേന്ദ്രത്തിലുള്ളപ്പോൾ റബ്ബർ കർഷകർക്ക് ഈ ദുഃസ്ഥിതി വന്നതിനെന്താണ് കാരണം. ഈ അർദ്ധവൈദ്യൻമാരെ ക്കൊണ്ട് കേരളത്തിന് ഒരു ഗുണവുമില്ല എന്നുള്ളതല്ലേ കാര്യം. അതു കൊണ്ട് അടിയന്തരമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർ, ഏറ്റവും ഉച്ചത്തിൽ ശബ്ദമുയർത്തുന്ന അദ്ധ്വാനവർഗ്ഗ സിദ്ധാന്തത്തിന്റെ പാർട്ടിക്കാർ കേരളം ഭരിക്കുമ്പോൾ കേന്ദ്രത്തിൽ കൃഷിവകുപ്പ് സഹ മന്ത്രി അടക്കമുള്ളപ്പോൾ റബ്ബർ കർഷകർക്ക് ഇങ്ങനെയൊരു ദുഃസ്ഥിതി ഉണ്ടാകാൻ കാരണമെന്തെന്ന് വിശദീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച ത് റബ്ബറിന്റെ വിലയിടിവിനെക്കുറിച്ചാണ്.. ഇവിടെ പറഞ്ഞതിൽ കുറേ കാര്യങ്ങൾ സത്യമാണ്. ഇതിനുമുമ്പും വിലയിടിവ് ഉണ്ടായിട്ടുണ്ട്. അതേ സമയം 2007-2008-ൽ ഒരു കിലോയ്ക്ക് 90 രൂപയുണ്ടായിരുന്നത് ഈ അടുത്ത മാസം 230 രൂപ വരെ എത്തി. ഇപ്പോൾ അതിൽനിന്ന് കുറച്ച്

വില ഇടിഞ്ഞിട്ടുണ്ട്. എന്തായാലും റബ്ബർ വിലയിൽ മുൻവർഷങ്ങളെ ക്കാൾ വർദ്ധനവുണ്ടായതായി കാണുന്നതിനാൽ കർഷകർക്ക് ഭീമമായ നഷ്ടം ഉണ്ടാകാൻ ഇടയില്ലെന്ന് സൂചിപ്പിക്കുന്നു. എന്നാൽ 2012 ഏപ്രിൽ മാസം മുതൽ നവംബർ മാസംവരെയുള്ള ശരാശരി വില കിലോയ്ക്ക് 154-188 രൂപയാണ്. അതായത് തൊട്ടുമുമ്പത്തെ വർഷത്തെ അപേക്ഷിച്ച് ഒരു ചെറിയ വിലക്കുറവ് അനുഭവപ്പെടുന്നുണ്ട്. റബ്ബറിന് ഈ വർഷം കുറവ് അനുഭവപ്പെട്ടതിനുള്ള പ്രധാനകാരണങ്ങൾ 2012 ഏപ്രിൽ മാസം മുതൽ നവംബർ മാസംവരെ 153855 ടൺ റബ്ബർ ഇറക്കുമതി ചെയ്യുകയു ണ്ടായി. ഇത് മുൻവർഷത്തെ ഇറക്കുമതിയെക്കാൾ 35 ശതമാനം കൂടുത ലാണ്. ഇത് ഞാനും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും കൂടി ഡൽഹിയിൽ പോയപ്പോൾ ആവശ്യപ്പെട്ടിട്ടുണ്ട്. ആഭ്യന്തര ഉപഭോഗം കഴിഞ്ഞ വർഷം നവംബർ മാസത്തിൽ 82440 ടൺ ആയിരുന്നത് ഈ വർഷം നവംബറിൽ 79000 ടൺ ആയി കുറഞ്ഞു. അതായത് ആഭ്യന്തര ഉപഭോഗത്തിൽ 4.1 ശതമാനം കുറവ് വന്നിട്ടുണ്ട്. ആഗോളമാന്ദ്യവും യൂറോപ്യൻ രാജ്യങ്ങളിലെ പ്രതിസന്ധിയും ചൈനയിൽ റബ്ബറിന്റെ ശേഖ രത്തിലുണ്ടായ വർദ്ധനവും തുടർന്ന് ചൈനയിൽ നിന്ന് റബ്ബറിന് ആവശ്യ ക്കാർ കുറഞ്ഞതുമെല്ലാം അന്താരാഷ്ട്ര വിപണിയിലും ആഭ്യന്തര വിപണി യിലും റബ്ബറിന്റെ വില കുറയുവാൻ കാരണമായിട്ടുണ്ട്. ബഹുമാനപ്പെട്ട

മുഖ്യമന്ത്രിയും ഈ കാര്യത്തിൽ ഇടപെട്ടുകൊണ്ട് ഇതിനുവേണ്ട നടപടികൾ സ്വീകരിക്കാൻ കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഏതെങ്കിലും റബ്ബർ കർഷകർ ആത്മഹത്യ ചെയ്തിട്ടുള്ളതായി അങ്ങയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. കെ. പി. മോഹനൻ: സർ, റബ്ബർ കർഷകർ ആത്മഹത്യ ചെയ്തിട്ടില്ല. 15 വർഷങ്ങൾകൊണ്ട് കിലോയ്ക്ക് 20 രൂപയുണ്ടായിരുന്നതാണ് ഇപ്പോൾ 200 രൂപയായത്.

**കാട്ടുമൃഗങ്ങളുടെ ശല്യം**

ശ്രീ. റ്റി. യു. കുരുവിള: സർ, കാട്ടുമൃഗങ്ങളുടെ ശല്യം കൊണ്ട് കൃഷി സ്ഥലങ്ങൾ നശിപ്പിക്കുകയും വളർത്തുമൃഗങ്ങളെ കൊല്ലുകയും ചെയ്യുന്നതിനെക്കുറിച്ചാണ് എന്റെ സബ്മിഷൻ. ബഹുമാനപ്പെട്ട മന്ത്രി വിശദമായി കാര്യങ്ങൾ പറഞ്ഞതുകൊണ്ട് ഞാൻ ഒരു കാര്യം അദ്ദേഹ ത്തിനെ ഓർമ്മപ്പെടുത്തുകയാണ്. കാട്ടുപന്നികളെ കൊല്ലുന്നതിന് ചില വ്യവസ്ഥകൾ വച്ചിട്ടുണ്ട്. വെടിവയ്ക്കാൻ അനുവാദം വാങ്ങി, ലൈസൻസുള്ളവരെക്കൊണ്ട് വെടിവയ്പിച്ച്, അതിനുശേഷം മണ്ണെണ്ണ ഒഴിച്ച് കത്തിച്ച് അതിനെ കുഴിച്ചുമൂടണം എന്നുപറയുന്നത് പ്രായോഗികമ ല്ല. ഇത് നമ്മുടെ നാട്ടിൽ നടക്കുന്ന കാര്യമല്ല. കൂർഗ് പോലുള്ള സ്ഥലങ്ങ ളിൽ വെടിവയ്ക്കുന്ന പന്നികളെ ലേലം ചെയ്ത് വിൽക്കുന്ന സമ്പ്രദായമു ണ്ട്. ആ രീതി ഇവിടേയും നടപ്പിലാക്കണം. അതുപോലെ വെടിവച്ച് മാത്രമല്ല കുടുക്കിട്ടും പടക്കം പൊട്ടിച്ചും പന്നികളെ കൊല്ലുന്നുണ്ട്. അതിനെ ഇതുപോലെ ലേലം ചെയ്ത് കൊടുത്താൽ കുറേ പന്നികളെ നശിപ്പിക്കാൻ സാധിക്കും. ഇതിനെ കത്തിച്ചുകളായാൻ ആവശ്യത്തിന് മണ്ണെണ്ണ കിട്ടാനില്ല. അതുകൊണ്ട് ഒരു കൃഷിക്കാരനോട് ചെയ്യുന്ന ക്രൂര മായ പ്രവർത്തിയാണിത്. അവൻ ആളെ അന്വേഷിച്ച് പോകണം, ലൈസൻസുള്ള തോക്കുകാരനെ അന്വേഷിച്ച് പോകണം, മണ്ണെണ്ണ വാങ്ങാൻ പോകണം, ഉദ്യോഗസ്ഥനെ വിളിക്കണം, ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ അതിനെ കുഴിച്ചിടണം. ഇതൊക്കെ വളരെ ബുദ്ധിമു

ട്ടുള്ള കാര്യങ്ങളാണ്. അതുകൊണ്ട് ഇതിനൊരു മാറ്റം വരുത്തേണ്ടത് ആവശ്യമാണ്.

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ ശരിയാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഞാൻ ഇതിനെക്കുറിച്ച് ശ്രദ്ധക്ഷണിക്കലിൽ പറഞ്ഞു. പന്നിയെ വെടിവയ്ക്കുമ്പോൾ അത് ഗർഭിണിയാണോ എന്നൊക്കെ നോക്കിയിട്ട് വെടിവയ്ക്കണമെന്ന് പറയുന്നതും ഉദ്യോഗസ്ഥനെ അറിയിച്ചതിനുശേഷം മുൻകൂട്ടി അനുവാദം വാങ്ങി പന്നിവരുന്നതും നോക്കി ലൈസൻസുള്ള തോക്കുകാരനുമായി ഇരിക്കണം എന്നുള്ളതുമൊക്കെ അപ്രായോഗികമാണ്. ഞാൻ മന്ത്രിയായി വരുന്നതിനു മുമ്പ് ഇത് ഒരു കമ്മിറ്റി പഠിച്ച് റിപ്പോട്ട് തയ്യാറാക്കി വച്ചിരുന്നതിനകത്ത് ഒപ്പിട്ടു എന്ന ഒരു കുറ്റമേ ഞാൻ ചെയ്തിട്ടുള്ളൂ. ഇങ്ങനെയൊക്കെ ചെയ്യാൻ ഒരു വർഷത്തേയ്ക്കാണ് അനുവാദം കൊടുത്തിരുന്നത്. ആ ഒരു വർഷം കഴിഞ്ഞപ്പോൾ വീണ്ടും ഒരു വർഷത്തേയ്ക്കുകൂടി എക്സ്റ്റന്റ് ചെയ്യുകയും ആളുകളെ ചിരിപ്പിക്കുന്ന തരത്തിലുള്ള ഇത്തരം അപ്രായോഗികമായ കാര്യങ്ങൾ ഒഴിവാക്കണമെന്ന് പറഞ്ഞ് വനം വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം കൊടുക്കുകയും ചെയ്തിട്ടുണ്ട്. ആ നിർദ്ദേശം ഗവൺമെന്റിലേയ്ക്ക് ഇതുവരെ വന്നിട്ടില്ല. നിർദ്ദേശം വന്നാലുടൻതന്നെ അതിൽ ആക്ഷൻ എടുക്കും. അദ്ദേഹം പറഞ്ഞതുപോലെ ചില രാജ്യങ്ങ

Uncorrected / Not for publication

ളിൽ വെടിവച്ച പന്നികളെ ഭക്ഷണമാക്കാൻ അനുവദിക്കുന്നുണ്ട്. ഇവിടെ ഭക്ഷണമാക്കാൻ അനുവദിച്ചാൽ പിന്നെ ഒരു കാട്ടുപന്നിയും കാട്ടിലുണ്ടാകില്ല. ഭക്ഷണമാക്കാൻ ഇന്ത്യയിലെ വന നിയമം അനുവദിക്കുന്നില്ല. എന്നാൽ മനുഷ്യന്റെ ജീവനും സ്വത്തിനും നഷ്ടമുണ്ടാക്കുന്ന വന്യമൃഗങ്ങളെ വെടിവയ്ക്കാനുള്ള വകുപ്പ് നിയമത്തിലുള്ളതുകൊണ്ടാണ് ഇങ്ങനെയൊരു ഉത്തരവ് ഇറക്കിയത്. അദ്ദേഹം പറഞ്ഞതുപോലെ ഭക്ഷണയോഗ്യമാക്കാൻ കഴിയില്ല. വെടിവയ്ക്കുന്നതിനുള്ള നൂലാമാലകൾ ഒഴിവാക്കാം. അതിനെ കുഴിച്ചിടുന്നതിനുമുമ്പ് കത്തിച്ചിട്ട് കുഴിച്ചിടണമെന്നുള്ളത് കേന്ദ്ര വനനിയമമാണ്. കൂർഗ്ഗിൽ ഭക്ഷിക്കുന്ന കാര്യത്തെക്കുറിച്ച് എനിക്കറിയില്ല. അത് അന്വേഷിച്ചിട്ട് പറയാം. ഇവിടെ അത് അനുവദിക്കാൻ ബുദ്ധിമുട്ടുണ്ട്.

**മനീഷിന് സാമ്പത്തിക സഹായവും ജോലിയും നൽകൽ**

ശ്രീ. വർക്കല കഹാർ: സർ, ഇക്കഴിഞ്ഞ 15-ാം തീയതിയിൽ മാതൃഭൂമി പത്രത്തിന്റെ ഫ്രണ്ട് പേജിലെ ലീഡ് വാർത്തയായിരുന്നു കണ്ണുള്ളവർ കാണണം ഈ ചാമ്പ്യനെ. കാഴ്ച വൈകല്യം സംഭവിച്ച വർക്കലയിലുള്ള ക്രിക്കറ്റ് താരം ലോക കപ്പിൽ ഇന്ത്യൻ ടീം ചാമ്പ്യനായി. ചാമ്പ്യന്മാരായ നമ്മുടെ ടീമിൽ ഏറ്റവും മികച്ച പ്രകടനം കാഴ്ചവച്ചതും ഇദ്ദേഹമായിരുന്നു. ശ്രീനിവാസപുരം ഹരിജൻ കോളനിയിലെ താമസക്കാരനായ മനീഷ് എന്ന ഈ താരം ഒരപകടത്തിൽപ്പെട്ടാണ് കാഴ്ച നഷ്ടപ്പെട്ടത്. അമ്മയും സഹോദരിമാരും അടങ്ങുന്ന കുടുംബം പുലർത്താനായി മേസ്തിരി പണി ചെയ്യേണ്ട ദുരവസ്ഥയിലായിരുന്നു അന്ധനായ ഈ കായിക താരം. നിരവധി സംസ്ഥാന ദേശീയ ചാമ്പ്യൻഷിപ്പുകൾ നേടിയ മനീഷ് ലോക ചാമ്പ്യൻഷിപ്പ് നേടിയ ടീമിന്റെ ഭാഗമായി തിരികെ എത്തുമ്പോഴും കുടുംബത്തിന്റെ പട്ടിണി മാറ്റാൻ കൂലിവേലയ്ക്ക് പോകേണ്ട സാഹചര്യമാണ് നിലവിലുള്ളത്. മനീഷിനൊപ്പം ടീം അംഗങ്ങളായിരുന്നവർക്ക് കർണ്ണാടക സർക്കാർ ജോലിയും 3 ലക്ഷം രൂപവീതം അവരുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായവും പ്രഖ്യാപിച്ചുകഴിഞ്ഞു. നമ്മുടെ യുവാക്കൾക്ക് മുഴുവൻ മാതൃകയാണ് ശ്രീ. മനീഷ്. ഒട്ടേറെ പ്രതിസന്ധികൾക്കിടയിൽ നിന്നും ഈ സുവർണ്ണ നേട്ടം കൈവരിച്ച ഈ മഹാപ്രതിഭയെ സഹായിക്കേണ്ടതും ആദരിക്കേണ്ടതും സർക്കാരിന്റെ ബാദ്ധ്യതയാണ്. കായിക ലോകത്തിനും വൈകല്യങ്ങൾ മറന്ന് മുന്നേ

റാൻ കൊതിക്കുന്നവർക്കും മാതൃകയായ മനീഷിന് കർണ്ണാടക സർക്കാർ ചെയ്തതുപോലെ സർക്കാർ ജോലിയും മനീഷിന്റെ കുടുംബത്തിന് അർഹമായ സാമ്പത്തിക സഹായവും ഉറപ്പാക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുകയാണ്.

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ.ബി. ഗണേഷ് കുമാർ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് വളരെ കാരുണ്യമുള്ള കാര്യമാണ്, അത്ഭുതപ്പെടുത്തുന്ന കാര്യമാണ്. കണ്ണ് കാണാൻ കഴിയുന്നവരിൽ പലരും ഇന്ത്യയ്ക്കുവേണ്ടി കളിച്ച് തോൽക്കുമ്പോൾ കണ്ണ് കാണാൻ കഴിയാത്ത ഒരാൾ മത്സരത്തിൽ വിജയിച്ചു എന്നുപറയുന്നത് വളരെ പോസിറ്റീവായിട്ടുള്ള കാര്യമാണ്. മനീഷ് ഇന്ത്യൻ ടീമിൽ കളിച്ചിട്ടില്ല. അതിനാൽ മനീഷിന് ജോലി നൽകുന്നതിന് സാങ്കേതികമായി തടസ്സങ്ങളുണ്ടെങ്കിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ആലോചിച്ച്, ഇക്കാര്യം ഒരു സ്പെഷ്യൽ കേസ്സായി കണക്കാക്കി ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം വളരെ പോസിറ്റീവായിട്ടുതന്നെ പരിഗണിച്ച് നടപടി സ്വീകരിക്കും.

**ഫോറസ്റ്റ് വാച്ചർമാരെ സ്ഥിരപ്പെടുത്തൽ**

ശ്രീമതി ഇ.എസ്. ബിജിമോൾ: സർ, കേരളത്തിലെ വനം സംരക്ഷിക്കുന്നതിൽ അതിപ്രധാനമായ പങ്കുവഹിക്കുന്നവരാണ് ഫോറസ്റ്റ് വാച്ചർമാർ. പത്തും പതിനഞ്ചും വർഷങ്ങളായി താൽക്കാലികമായി ജോലി ചെയ്തുവരുന്ന ഇവർക്ക് യാതൊരുവിധ തൊഴിൽ സുരക്ഷയും ഇപ്പോഴില്ല. പത്ത് വർഷത്തിൽ കൂടുതൽ സേവനം ചെയ്തിട്ടുള്ള ഫോറസ്റ്റ് വാച്ചർമാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി കൈക്കൊള്ളുന്നതോടൊപ്പം ഇവർക്ക് ഇൻഷ്വറൻസ് പരിരക്ഷകൂടി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. ഫോറസ്റ്റ് വാച്ചർമാരുമായി ബന്ധപ്പെട്ട നിരവധി പ്രശ്നങ്ങൾ ഇവിടെ ചർച്ച ചെയ്തിട്ടുള്ളതാണ്. അങ്ങുതന്നെ ഈ വിഷയങ്ങളിൽ മറുപടിയും പറഞ്ഞിട്ടുള്ളതാണ്. ഈ ഫോറസ്റ്റ് വാച്ചർമാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയും അവർക്ക് തൊഴിൽ സുരക്ഷ ഉറപ്പുവരുത്തുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ.ബി. ഗണേഷ് കുമാർ): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഫോറസ്റ്റ് വാച്ചർമാരുടെ സേവനം വളരെ പ്രധാനപ്പെട്ടതാണ്. ശ്രദ്ധക്ഷണിക്കലിന് മറുപടി പറഞ്ഞപ്പോൾ ഞാൻ പറഞ്ഞതാണ്, ട്രൈബൽ വിഭാഗത്തിൽപ്പെടുന്നവർക്കായി 700-ഓളം വാച്ചർമാരുടെ പോസ്റ്റ് ക്രിയേറ്റ്

ചെയ്യുവാനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നിലവിൽ പത്തും ഇരുപതും വർഷങ്ങളായി ജോലി ചെയ്യുന്ന ട്രൈബൽ വിഭാഗത്തിൽപ്പെടുന്ന വാച്ചർമാരെ സ്ഥിരപ്പെടുത്തുന്നതോടൊപ്പം പുതിയ ആൾക്കാരെക്കൂടി നിയമിച്ചുകൊണ്ട് പ്രസ്തുത വേക്കൻസികൾ നികത്താനാണ് ഉദ്ദേശിക്കുന്നത്. മുഴുവൻ വാച്ചർമാരെയും സ്ഥിരപ്പെടുത്തുകയെന്ന് പറയുന്നത് പ്രായോഗികമല്ല. അത് പഠിച്ചതിനുശേഷം ചെയ്യേണ്ട കാര്യമാണ്. പാലക്കാട്-മലമ്പുഴയിലെ പാമ്പ് വളർത്തൽ കേന്ദ്രത്തിൽ പാമ്പുകളെ നോക്കുന്ന ആൾ ജോലിചെയ്യാൻ തുടങ്ങിയിട്ട് 25 വർഷം കഴിഞ്ഞു, ഇപ്പോഴും സ്ഥിരനിയമനം നൽകിയിട്ടില്ല. പാമ്പിനെ പിടിക്കാൻ അറിയാവുന്നവർക്ക് മാത്രമേ ആ ജോലി ചെയ്യാൻ കഴിയുകയുള്ളൂ. അത്തരത്തിൽ വളരെ സ്കിൽഡായിട്ടുള്ള ജോലികൾ ചെയ്യുന്നവരെപ്പോലും സ്ഥിരപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഇത്തരത്തിൽ 15-20-25 വർഷം ജോലി ചെയ്ത ആളുകൾക്ക് ജീവിതത്തിൽ പെൻഷൻ പ്രായം കഴിഞ്ഞുപോകുന്നതിനുമുമ്പെങ്കിലും സ്ഥിരനിയമനം നൽകണമെന്ന് എനിക്ക് ആഗ്രഹമുണ്ട്. അതിനുവേണ്ടിയുള്ള പോസ്റ്റ് ക്രിയേഷനിൽ വലിയ സാമ്പത്തിക ബാധ്യത വരും. തീർച്ചയായും അത് പരിഗണിക്കേണ്ടതാണ് എന്നൊരു അഭിപ്രായം എനിക്കുണ്ട്. അതിനുള്ള ശ്രമം നടത്തുന്നുണ്ട്. സർക്കാരിന്റെ ഖജനാവിന്റെ സാധ്യത കൂടി നോക്കിയിട്ടാണ് ഇക്കാര്യങ്ങളെല്ലാം പറയുന്നത്. പ്രഖ്യാപിക്കാൻ ബുദ്ധിമുട്ടുണ്ട്, എങ്കിലും........... ബഹുമാനപ്പെട്ട അംഗത്തിന്റെ മണ്ഡല

ത്തിലെ പെരിയാറിൽ ജോലിചെയ്യുന്ന വാച്ചർമാരെ മുഴുവനും ഇൻഷ്വർ ചെയ്തു. മറ്റ് സ്ഥലങ്ങളിൽ ജോലിചെയ്യുന്ന വാച്ചർമാരുടെ ദിവസവേതനം വർദ്ധിപ്പിച്ചുകൊടുത്തുകൊണ്ട് അവർക്ക് ഇഷ്ടമുള്ള ഇൻഷ്വറൻസ് കമ്പനികളിൽ ചേരുന്നതിനുള്ള അനുവാദം കൊടുക്കാനാണ് ഉദ്ദേശിക്കുന്നത്. കാലാകാലങ്ങളിൽ ദിവസബത്ത നിശ്ചയിക്കുന്ന ഗവൺമെന്റിന്റെ രീതി അനുസരിച്ചുള്ള വേതനം ഇപ്പോൾ നൽകുന്നുണ്ട്. വേതനം വർദ്ധിപ്പിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ വനം വകുപ്പിലുണ്ട്. അതിനുവേണ്ടിയുള്ള നടപടികളുമായി മുന്നോട്ട് പോകും.

**കാട്ടാന ശല്യം**

ശ്രീ. എം. ഉമ്മർ: സർ, വന്യമൃഗശല്യത്തെ സംബന്ധിച്ച് നേരത്തേ ശ്രദ്ധ ക്ഷണിക്കലിലും സബ്മിഷനിലും ബഹുമാനപ്പെട്ട മന്ത്രി വിശദമായി പറയുകയുണ്ടായി. കാട്ടുപന്നിയുടേയും കുരങ്ങിന്റേയും ശല്യംകൊണ്ട് മനുഷ്യന് അപകടമുണ്ടാകുന്നില്ല. എന്നാൽ എന്റെ നിയോജക മണ്ഡലത്തിലെ എടപ്പറ്റയിൽ മൂന്നാടി എന്നുപറയുന്ന സ്ഥലത്ത് 22 കാട്ടാനക്കൂട്ടമാണ് വരുന്നത്. 100 വർഷങ്ങളായി പ്രവർത്തിക്കുന്ന ഒരു സ്കൂളിന്റെ അടുത്താണ് കാട്ടാനക്കൂട്ടം വന്നുനിൽക്കുന്നത്. അത് വളരെയധികം ഭീതി പടർത്തുന്ന ഒരു സ്ഥിതിയാണ്. ഒരിക്കൽ പത്രത്തിൽ വരികയുണ്ടായി, 'ആനക്കൂട്ടം വന്നു, എം.എൽ.എ. വന്നില്ല'. അന്ന് ഞാനിവിടെ നിയമസഭാ സെഷനിൽ പങ്കെടുത്തുകൊണ്ടിരിക്കുകയായിരുന്നു. അതുകഴിഞ്ഞ് പിറ്റേദിവസം ഞാൻ അവിടെ ചെന്നു. അടുത്ത ദിവസത്തെ പത്രത്തിലെ വാർത്ത - 'എം.എൽ.എ. വന്നിട്ടും ആനക്കൂട്ടം പോയില്ല'. അതിനുശേഷം വീണ്ടുംപോയി, പിറ്റേ ദിവസത്തെ പത്രത്തിൽ വന്നത് - 'എം. എൽ.എ.-യേയും സംഘത്തേയും ആനക്കൂട്ടം വിരട്ടിയോടിച്ചു.' ഇങ്ങനെ ആനക്കൂട്ടം ജനങ്ങളുടെ ജീവന് അപകടമുണ്ടാക്കുകയാണ്. ആനയും കടുവയുമെല്ലാം നമ്മുടെ പൊതുസ്വത്താണ്, സംരക്ഷിക്കപ്പെടേണ്ടതാണ്. മനുഷ്യനും നമ്മുടെ സമ്പത്താണ്, അതും സംരക്ഷിക്കുന്നതിനുള്ള ബാധ്യത നമുക്കുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യങ്ങളെല്ലാം വളരെ ശ്രദ്ധി

ക്കുന്നുണ്ടെങ്കിലും........., നാലുപേരെ ആനക്കൂട്ടം അവിടെ കൊല്ലുകയുണ്ടായി - എന്റെ മണ്ഡലത്തിൽ ഒന്ന്, തൊട്ടടുത്ത മണ്ഡലത്തിൽ മൂന്ന് - അങ്ങനെ നാലുപേരെ ആനക്കൂട്ടം കൊല്ലുകയുണ്ടായി. അതുകൊണ്ട് വളരെ ഭീകരമാണ് അവിടത്തെ അവസ്ഥ. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ കാര്യമായി ഇടപെടണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ.ബി. ഗണേഷ് കുമാർ): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. വാർത്ത എഴുതിയ ആളിന്റെ കുഴപ്പമാണ്, കാരണം എം.എൽ.എ.-യെ കണ്ടാലും മന്ത്രിയെ കണ്ടാലും ആന ഓടിക്കും. കാട്ടാനയ്ക്ക് അതിനെപ്പറ്റി അറിയുകയില്ല. എങ്കിലും അദ്ദേഹത്തിന്റെ വേദന മനസ്സിലാക്കുന്നു. സൈലന്റ്വാലി പദ്ധതിയുടെ ബഫർസോൺ മേഖലയിൽ കാട്ടാനകൾ കൂട്ടത്തോടെ ഇറങ്ങുകയാണ്. മൂന്നാടി, ഓലപ്പാറ, വീട്ടിക്കുന്ന്, കക്കറ, കരിങ്ങത്തോണി എന്നീ സ്ഥലങ്ങളിലെല്ലാം വൻതോതിൽ കാട്ടാന ഇറങ്ങി വലിയ കുഴപ്പങ്ങൾ ഉണ്ടാക്കുന്നുണ്ട്. അതിന്റെ അഞ്ച് കിലോമീറ്റർ ദൂരം ഫെൻസിംഗ് കൊടുത്തിട്ടുണ്ട്. സോളാർ ഫെൻസിംഗ് മെയിന്റെയിൻ ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ ഒരു ഗുണഭോക്തൃ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മറ്റു സ്ഥലങ്ങളിൽ പതിനൊന്ന് കിലോമീറ്റർകൂടി വേലി സ്ഥാപിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.-യുമായി ആലോചിച്ച് ബാക്കിയുള്ള

സ്ഥലത്ത് എത്രയുംവേഗം ഫെൻസിംഗ് നടത്തി ബ്ലോക്ക് ചെയ്യുന്നതിനുള്ള സംവിധാനം ചെയ്യുന്നതാണ്. കരിങ്കൽ ഭിത്തികെട്ടി സംരക്ഷിക്കുന്ന സംവിധാനം നിലവിൽ വരുമ്പോൾ അങ്ങയുടെ മണ്ഡലത്തിലെ ഈ വിഷയം വളരെ പ്രാധാന്യത്തോടെ പരിഗണിക്കുന്നതാണ്. കരിങ്കൽഭിത്തി കെട്ടുന്ന സംവിധാനം നിലവിൽ വന്നാൽ തീർച്ചയായും ആദ്യംതന്നെ അവിടെ നിർമ്മിക്കുന്നതാണ്.

Uncorrected / Not for publication

**വിദ്യാർത്ഥി സമൂഹത്തോടുള്ള അവഗണന**

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കേരളത്തിലെ വിദ്യാർത്ഥികൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന സങ്കീർണ്ണമായ യാത്രാപ്രശ്നം സഭയുടെ മുമ്പാകെ അവതരിപ്പിക്കുന്നതിനാണ് ഈ സബ്മിഷൻ. സ്വകാര്യ ബസ്സുകളും കെ. എസ്.ആർ.ടി.സി. ബസ്സുകളും കുട്ടികളോട് വലിയ അനീതിയാണ് കാണിക്കുന്നത്. പ്രൈവറ്റ് ബസ്സുകളുടെ കാര്യത്തിൽ ജസ്റ്റിസ് രാമചന്ദ്രൻ നായർ കമ്മീഷൻ ചൂണ്ടിക്കാണിച്ച ഒരു സംഗതി ഞാൻ അങ്ങയുടെ ശ്രദ്ധയിൽക്കൊണ്ടുവരികയാണ്. 35,000 സ്വകാര്യ ബസ്സുകളുണ്ടായിരുന്നത് ഇപ്പോൾ 17,000-മായി ചുരുങ്ങിയെന്ന് കമ്മീഷൻ റിപ്പോർട്ടിൽ പറയുന്നുണ്ട്. ബസ്സ് കുറഞ്ഞു, കുട്ടികളുടെ എണ്ണം കൂടി. ഇവിടെ യാത്രാപ്രശ്നം സങ്കീർണ്ണമാവുകയാണ്. ഒരു ബസ്സിലാകട്ടെ പത്തുമുതൽ പതിനഞ്ച് കുട്ടികളെ മാത്രമാണ് കയറ്റുന്നത്. മാത്രമല്ല, ബസ്സ് പുറപ്പെടുന്നതുവരെ കുട്ടികൾ റോഡിൽ ക്യൂ നിൽക്കണം, വർഷകാലത്തുപോലും. പ്രൈവറ്റ് ബസ്സുകളാകട്ടെ ഇപ്പോൾ ചെയ്യുന്നത് സൂപ്പർ ഫാസ്റ്റ്, ഫാസ്റ്റ് പാസഞ്ചർ എന്നീ വ്യാജ സ്റ്റിക്കറുകൾ ഒട്ടിച്ച് കുട്ടികളെ കയറ്റാതെ പോകുന്നു. കാരണം അത്തരം ബസ്സുകളിൽ കുട്ടികളെ കയറ്റേണ്ടതില്ല. കൂടാതെ, വർദ്ധിപ്പിച്ച ചാർജ്ജിന്റെ പേരിൽ പലേടത്തും തർക്കങ്ങളുണ്ടാകുന്നുണ്ട്. 50 പൈസയാണ് വർദ്ധിപ്പിച്ചത്, ഓരോ സ്റ്റേജിലും 50 പൈസ കൂടുതൽ വേണമെന്നുപറഞ്ഞ് ബസ്സ് ജീവനക്കാരും കുട്ടികളും തമ്മിൽ പലേടത്തും സംഘർഷമുണ്ടാകുന്നുണ്ട്. ജീവനക്കാരുടെ പീഡനങ്ങൾ, പ്രത്യേകിച്ചും

പെൺകുട്ടികളോടുള്ള പീഡനങ്ങൾ ഏറിവരുന്നു എന്നുള്ള വാർത്തകളും ആകുലപ്പെടുത്തുന്നതാണ്. കെ.എസ്.ആർ.ടി.സി-കളിലാകട്ടെ ജില്ലകളിൽ ഒന്നോ രണ്ടോ റൂട്ടുകളിൽ മാത്രമാണ് കൺസഷൻ നൽകുന്നത്. ഇത് വ്യാപിപ്പിച്ച് പരമാവധി റൂട്ടുകളിൽ കൊടുക്കണം. അനന്തപുരി, വേണാട്, മലബാർ ഈ മൂന്ന് ബസ്സുകളിലും കൺസഷനില്ല. പഴയ ആനവണ്ടിയിൽ മാത്രമാണ് കൺസഷനുള്ളത്. ഇവയിൽകൂടി കൺസഷൻ കൊടുക്കുന്ന തിനുള്ള സംവിധാനമുണ്ടാകണം. കെ.എസ്.ആർ.ടി.സി. കൺസഷൻ കാർഡിനുള്ള നടപടികൾ സുതാര്യവും ലളിതവുമാക്കണം, ഇപ്പോൾ വളരെ സങ്കീർണ്ണമാണ്. കർണ്ണാടകയും തമിഴ്നാട്ടിലുമെല്ലാം വിദ്യാർത്ഥി കളുടെ യാത്ര പൂർണ്ണമായും സൗജന്യമാണ്. കഴിയുമെങ്കിൽ നമ്മുടെ പ്രബുദ്ധമായ ഈ സംസ്ഥാനത്ത് സ്റ്റുഡന്റ്സ് ഒൺലി ബസ്സുകൾ ധാരാള മായി ഇറക്കി ഈ യാത്രാപ്രശ്നത്തെ നമ്മൾ അഭിമുഖീകരിക്കണം. വിദ്യാർത്ഥികളുടെ യാത്രാദുരിതം അനുദിനം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അടിയന്തരമായ നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ വിനീതമായി അപേക്ഷിക്കുകയാണ്.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച കാര്യത്തിൽ ഗവൺമെന്റ് ഒരു മാസം മുമ്പ് വിദ്യാർത്ഥി സംഘടനകളുടെ യോഗം വിളി

ച്ചുകൂട്ടുകയും ഒരു തീരുമാനമെടുക്കുകയും ചെയ്തു. ആ തീരുമാനം എല്ലാ കളക്ടർമാരെയും ആർ.ടി.ഒ.-മാരെയും അറിയിച്ചിട്ടുണ്ട്. ജില്ലാതല □സ്റ്റുഡൻസ് ഫെസിലിറ്റി കമ്മിറ്റി□ എന്നപേരിൽ കളക്ടർ ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ആ കമ്മിറ്റിയുടെ യോഗം വർഷത്തിൽ രണ്ടുപ്രാവശ്യം വിളിച്ചുകൂട്ടാനും ഇത്തരത്തിലുള്ള പരാതികളുണ്ടെങ്കിൽ അവിടെവച്ച് പരിഹരിക്കുന്നതിനുമുള്ള നിർദ്ദേശം ഗവൺമെന്റ് നൽകിയി ട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ കുട്ടി കളെ ഏതെങ്കിലും വിധത്തിൽ ഉപദ്രവിക്കുകയോ അവരെ ബസ്സിൽ കയ റ്റാതിരിക്കുകയോ ചെയ്യുന്നുണ്ടെങ്കിൽ ആർ.ടി.ഒ.-മാർക്ക് കംപ്ലെയിന്റ് കൊടുക്കാൻ കുട്ടികളോട് ആ യോഗത്തിൽ വച്ച് നിർദ്ദേശിച്ചിട്ടുണ്ട്. ആർ. ടി.ഒ.-മാരോട് അത്തരത്തിലുള്ള കാര്യങ്ങളിൽ കർശനമായ നടപടി കൈക്കൊള്ളാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഒരു കാര്യംകൂടി, കെ.എസ്.ആർ.ടി. സി. ഒരു ജില്ലയിൽ ഒന്നോ രണ്ടോ ബസ്സ് എന്നുപറയുന്നത് ശരിയല്ല, 5,300 ബസ്സുകളാണ് കെ.എസ്.ആർ.ടി.സി.-ക്കുള്ളത്. അതിൽ ഏകദേശം 4,700-ഓളം ബസ്സുകളാണ് ഓപ്പറേറ്റ് ചെയ്യുന്നത്. ഇതിൽ 3,000-ഓളം ബസ്സുകളിൽ കൺസഷൻ കൊടുക്കുന്നുണ്ട്. എല്ലാ കുട്ടികൾക്കും കർണ്ണാടകയിലേതുപോലെ കൺസഷൻ കൊടുക്കണമെന്ന് പറഞ്ഞു. മുഴുവൻ വിദ്യാർത്ഥികൾക്കും കൺസഷൻ കൊടുക്കുന്നതിന് യാതൊരു വിരോധവുമില്ല. പക്ഷെ, കെ.എസ്.ആർ.ടി.സി.-യുടെ സ്ഥിതി, ഒരു മാസം 60 കോടിരൂപയാണ് നഷ്ടം. ജീവനക്കാരുടെ ഈ മാസത്തെ ശമ്പളം

എങ്ങനെ കൊടുക്കുമെന്ന് എനിക്കറിയില്ല. ഇതിനെല്ലാം സബ്സിഡി ലഭിക്കുകയാണെങ്കിൽ, it is OK, യാതൊരു ബുദ്ധിമുട്ടുമില്ല. കർണ്ണാടകയിൽ എത്രയാണ് സബ്സിഡി നൽകുന്നത്; അത്രയും സബ്സിഡി കൊടുക്കാൻ ഇവിടെ കഴിയുമോ? സാമ്പത്തികമായി കേരളത്തിന് കഴിയുകയില്ല.

മി. സ്പീക്കർ: അദ്ദേഹം ഒരു നിർദ്ദേശം വച്ചതാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ്: നിർദ്ദേശം നല്ലതാണ്, കൺസഷൻ കൊടുക്കാൻ എനിക്കും ആഗ്രഹമുണ്ട്. ഫാസ്റ്റ് പാസഞ്ചറിന്റെയും എക്സ്പ്രസ്സിന്റെയും വ്യാജ സ്റ്റിക്കർ ഒട്ടിച്ച് പ്രൈവറ്റ് ബസ്സുകൾ ഓടിക്കുന്നുവെന്ന് ഇവിടെ പറയുകയുണ്ടായി. അങ്ങനെയുള്ള ചില കംപ്ലെയിന്റുകൾ ലഭിച്ചിട്ടുണ്ട്. ആ കംപ്ലെയിന്റുകൾ പിടിച്ചു. 'ഫ്ളീറ്റ് ഓണർ' എന്നതിനുള്ള ഡെഫനിഷൻ കൊണ്ടുവന്നപ്പോൾ ആ ഡെഫനിഷൻ ബഹുമാനപ്പെട്ട ഹൈക്കോടതി തള്ളിക്കളഞ്ഞു. തള്ളിക്കളഞ്ഞിട്ട് നാലഞ്ച് കൊല്ലമായി, ഇതുവരെ ഒരു തീരുമാനവുമെടുത്തില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം, രണ്ടുമാസം മുമ്പ് അതിനൊരു തീരുമാനമെടുത്തു, റൂൾ അമെന്റ് ചെയ്തു. അതിന്മേലുള്ള ഒബ്ജക്ഷനും സജഷനും സമർപ്പിക്കാൻ രണ്ടുമാസത്തെ സമയം കൊടുത്തു. നിരവധി ഒബ്ജക്ഷനും സജഷനും ലഭിച്ചിട്ടുണ്ട്. അത് ഫൈനലൈസ് ചെയ്തുകഴിഞ്ഞാൽ റൂൾ അമെന്റ് ചെയ്യും. റൂൾ നിലവിൽ വന്നുകഴിഞ്ഞാൽ കെ.എസ്.ആർ.ടി.സി-ക്കല്ലാതെ ഒരു പ്രൈവറ്റ് ബസ്സിനും ഇത് ചെയ്യാൻ സാധിക്കില്ല.

**ടൂറിസം വകുപ്പിന്റെ കൂത്തമ്പലത്തിലുണ്ടായ തീപിടുത്തം**

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, തൃശ്ശൂർ രാമനിലയം ഗസ്റ്റ് ഹൗസ് കോമ്പൗണ്ടിൽ ടൂറിസം വകുപ്പിന്റെ കീഴിൽ നിർമ്മിച്ച കൂത്ത മ്പലം കത്തി ചാമ്പലായിട്ട് ഒരു വർഷം കഴിഞ്ഞു. തൊണ്ണൂറ് ശതമാനം പണി പൂർത്തീകരിച്ച മനോഹരമായ കൂത്തമ്പലം നശിച്ചതിനെ സംബ ന്ധിച്ച് പല ദുരൂഹതകളുമുണ്ട്. അന്വേഷണം നടത്തിയ ലോക്കൽ പോലീസിന് ഇതുവരെയും യാതൊന്നും കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. നഗരഹൃദയത്തിൽ ഒന്നര കോടി രൂപയോളം ചെലവ് ചെയ്ത് നിർമ്മിച്ച ഈ കൂത്തമ്പലം കത്തി നശിച്ചതിന്റെ പിന്നിലുള്ള കാര്യമെന്താണെന്ന് സമഗ്രവും ഫലപ്രദവുമായ ഒരന്വേഷണം വളരെ കാര്യക്ഷമമുള്ള ഏ ജൻസിയെക്കൊണ്ട് നടത്തിച്ച് തെളിയിക്കണമെന്ന് ബഹുമാനപ്പെട്ട ആഭ്യ ന്തര വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട ശ്രീ തേറമ്പിൽ രാമകൃഷ്ണൻ പറഞ്ഞതെല്ലാം യാഥാർത്ഥ്യവുമായി ബന്ധപ്പെട്ടതാണ്. അവിടെ 12-12-2011- ൽ പുലർച്ചെ മൂന്നു മണിക്കും നാലു മണിക്കും ഇടയ്ക്കുള്ള സമയത്താണ് കൂത്തമ്പലം കത്തിനശിച്ചത്. ഫയർ ഒക്കറൻസിന് വേണ്ടി 2461/2011 ആയി തൃശ്ശൂർ ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടായിരുന്നു. രണ്ട് രൂപത്തിലുള്ള വർക്കാണ് അവിടെ നടന്ന

ിരുന്നത്. 27 ലക്ഷം രൂപയുടെ സിവിൽ വർക്ക് ചെയ്തുകൊണ്ടിരുന്ന സുരേഷ് എന്നയാളിനും 67 ലക്ഷം രൂപയ്ക്ക് മരപ്പണി ചെയ്തുകൊണ്ടിരുന്ന വ്യാജിത് എന്നയാളിനും രണ്ട് കോൺട്രാക്ട് വർക്കുകളാണ് കൊടുത്തിരുന്നത്. അക്കൗണ്ടിൽ പണമില്ലാതിരുന്നതുകൊണ്ട് പണി താത്കാലികമായി നിർത്തിവച്ചിരുന്നു. അതിന് ശേഷം സുരേഷിനും വ്യാജിതിനുമായി 82 ലക്ഷം രൂപ നൽകുകയും 8-12-2011-ന് ഈ പണി പുനരാരംഭിച്ചു വരികെയുമാണ് ഇത് കത്തി നശിപ്പിച്ചത്. ഇലക്ട്രിക്കൽ കണക്ഷൻ ഇല്ലാതിരുന്ന സ്ഥലമാണ്. ജനറേറ്റർ ഉപയോഗിച്ചാണ് പണികൾ നടത്തിയതെന്ന് അസിസ്റ്റന്റ് പ്രോജക്ട് എൻജിനീയറുടെ റിപ്പോർട്ടുണ്ട്. തൃശ്ശൂർ ഈസ്റ്റ് സി.ഐ. കേസന്വേഷണത്തിന് നടപടിയെടുത്തു. സയന്റിഫിക് അസിസ്റ്റന്റ്, എഫ്.എസ്.എൽ. ഡയറക്ടർ, ഫോറസ്റ്റ് റിസർച്ച് ഓഫീസർ, ബോംബ് ഡിറ്റക്ഷൻ സ്ക്വാഡ്, എക്സ്പ്ലോസീവ് അസിസ്റ്റന്റ് ഡയറക്ടർ, പോലീസ് ഫോട്ടോഗ്രാഫർ ഇവരെല്ലാം അവിടെ പോയി കാര്യങ്ങളെല്ലാം പരിശോധിച്ചിരുന്നു. ഡോഗ് സ്ക്വാഡിന്റെ സഹായത്തോടുകൂടി അന്വേഷണം മുൻപോട്ട് പോയിട്ടുണ്ട്. പൊട്ടാസ്യം ക്ലോറൈറ്റ്, പൊട്ടാസ്യം നൈട്രേറ്റ്, അലുമിനിയം എന്നിവയുടെ സാന്നിദ്ധ്യം അവിടെ കണ്ടെത്തി. എന്നാൽ ഈ വസ്തുക്കൾ അവിടെ സൂക്ഷിക്കേണ്ട ആവശ്യമില്ല എന്നാണ് മനസ്സിലായിട്ടുള്ളത്. ആരോ മനപൂർവ്വം തീ വച്ചതാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഐ.പി.സി 436-ാം വകുപ്പ് ചേർത്ത് ഈ അന്വേഷണം തുടർന്നു വരികയാണ്. കേസന്വേഷണം

മുന്നോട്ട് പോയെങ്കിലുമത് ഡിറ്റക്റ്റ് ചെയ്യാൻ കഴിഞ്ഞില്ല, അതിന്റെ അടിസ്ഥാനത്തിലും അങ്ങുകൂടി തന്ന പെറ്റീഷന്റെ അടിസ്ഥാനത്തിലും ലോക്കൽ പോലീസിന്റെ അന്വേഷണത്തിൽ പുരോഗതി ഉണ്ടായിട്ടില്ലെന്ന് തോന്നിയതുകൊണ്ട് 25-11-2012- മുതൽ ഇത് ക്രൈംബ്രാഞ്ചിന് നൽകുന്നതിനുവേണ്ടി തീരുമാനമെടുത്തിട്ടുണ്ട്. ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തട്ടെ, കുറ്റക്കാരെ കണ്ടെത്തട്ടെ. അതിന് പ്രാധാന്യം കൊടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കേസ് തെളിയിക്കുന്നതിന് വേണ്ടിയുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്.

**ആറൻമുള വള്ളസദ്യ**

ശ്രീ. കെ. ശിവദാസൻ നായർ.: സർ, ആറൻമുള ശ്രീപാർത്ഥസാരഥി ക്ഷേത്രവുമായി ബന്ധപ്പെട്ട് വളരെ പ്രത്യേകതയുള്ള വഴിപാടാണ് വള്ള സദ്യ വഴിപാട്. ആ വഴിപാടുമായി ബന്ധപ്പെട്ട കാര്യങ്ങൾ ബഹുമാനപ്പെട്ട ദേവസ്വം മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനാണ് ഞാൻ ഈ സബ്മി ഷൻ ഉന്നയിക്കുന്നത്. വിശ്വപ്രസിദ്ധമായ ആറൻമുള വള്ളംകളിയിൽ പങ്കെടുക്കുന്ന പള്ളിയോടങ്ങളെയാണ് ഈ വഴിപാടിനായി ഒരു ഭക്തൻ ക്ഷണിക്കുന്നത്. മുമ്പ് ഇത് അതാത് കരകളിലാണ് നടത്തിക്കൊണ്ടിരുന്ന ത്. എന്നാൽ ഇതിന് ഓർഗനൈസ്ഡായിട്ടുള്ള രൂപം ഉണ്ടാക്കുകയും ക്ഷേത്രത്തിലേയ്ക്ക് മാത്രമായി കൊണ്ടുവരികയും ചെയ്തത് വള്ളംകളി നടത്തുന്നതിന് രൂപീകരിക്കപ്പെട്ട പള്ളിയോട കരകളുടെ പ്രാതിനിധ്യ സ്വഭാവമുള്ള പള്ളിയോട സേവാസംഘമാണ്. ആ പള്ളിയോട സേവാ സംഘത്തിന്റെ ചുമതലയിലാണ് ഈ വള്ളസദ്യകൾ നടത്തുന്നത്. ആറൻമുളയിൽ മാത്രം കാണുന്ന വളരെ പ്രധാനപ്പെട്ട എന്നാൽ വളരെ രസകരമായ ഭക്തി നിർഭരമായ വഴിപാടാണ് വള്ളസദ്യ വഴിപാട്. മുമ്പ് ഇതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് വന്നിരു ന്നു. ആ കേസിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചതനുസരിച്ച് ദേവസ്വം ബോർഡിന്റെ പ്രതിനിധികളുൾപ്പെടെയു ള്ള അഞ്ചംഗങ്ങളുടെ നിരീക്ഷണത്തിലാണ് വള്ളസദ്യ വഴിപാടുകൾ നട ത്തുന്നത്. ഇപ്പോൾ ആ നിലയിലാണ് മുന്നോട്ട് പോകുന്നത്. എന്നാൽ

ദേവസ്വം ബോർഡിൽ ബോർഡില്ലാതിരുന്നൊരു കാലത്ത് ഉദ്യോഗസ്ഥൻമാർ വള്ളസദ്യ വഴിപാട് ഏറ്റെടുത്ത് നടത്തുന്നതിന് ഹൈക്കോടതിയിൽ ഒരു അഫിഡവിറ്റ് മൂവ് ചെയ്തിരിക്കുകയാണ്. ഇത് നിലവിലുള്ള സാഹചര്യത്തെ അട്ടിമറിക്കുന്നതിനും ആറൻമുളയുടെ മാത്രം പ്രത്യേകതയായ വഴിപാട് തന്നെ ഇല്ലാതാക്കുമെന്ന കാര്യത്തിൽ സംശയമില്ല. അതുകൊണ്ട് നിലവിലുള്ള സംവിധാനങ്ങൾ തുടരുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ദേവസ്വം വകുപ്പുമന്ത്രി നൽകണമെന്നതാണ് എന്റെ ആവശ്യം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ് ശിവകുമാർ): സർ, തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഭരണ നിയന്ത്രണത്തിലുള്ള ഒരു മഹാക്ഷേത്രമാണ് ആറൻമുള ശ്രീപാർത്ഥസാരഥി ക്ഷേത്രം. ഈ ക്ഷേത്രവുമായി ബന്ധപ്പെട്ട് ഭക്തജനങ്ങൾ നടത്തുന്ന അതിവിശിഷ്ടമായ ഒരു വഴിപാടാണ് വള്ളസദ്യ. പതിറ്റാണ്ടുകളായി നിലനിന്ന് പോരുന്ന ഒരാചാരം കൂടിയാണിത്. ഓരോ പള്ളിയോടത്തിന്റെ പേരിലും ഭക്തന് വള്ളസദ്യ വഴിപാട് നടത്താവുന്നതാണ്. ആറൻമുള ക്ഷേത്രത്തിന്റെ 25 കി. മീറ്റർ ചുറ്റളവിലുള്ള 50 കരകൾക്കാണ് 50 പള്ളിയോടങ്ങളുള്ളത്. ഈ പള്ളിയോടങ്ങൾക്ക് ഒരു സേവാസംഘവുമുണ്ട്. വഴിപാട് നടത്തേണ്ട ഭക്തൻ ഏത് പള്ളിയോടത്തിനാണോ വള്ളസദ്യ നടത്തേണ്ടത് ആ കരയിലെത്തി പള്ളിയോടക്കാരെ ആചാരപരമായി

ക്ഷണിക്കുകയും അവർ വള്ളസദ്യ നടത്തുന്ന ദിവസം പ്രസ്തുത പള്ളിയോടത്തിൽ വഞ്ചിപ്പാട്ട് പാടി ക്ഷേത്രത്തിൽ വന്ന് വള്ളസദ്യ സ്വീകരിക്കുകയും ചെയ്യും. തികച്ചും ഭക്തിനിർഭരവും ആചാരപരവുമായ ഈ ചടങ്ങുകൾ ഓരോ പള്ളിയോടക്കരയും പള്ളിയോട സേവാസംഘവും ചേർന്നാണ് നിർവ്വഹിക്കുന്നത്. 45 ഇനം വിഭവങ്ങളടങ്ങുന്ന അതിവിശിഷ്ടമായ സദ്യയാണ് വള്ളസദ്യ. പതിറ്റാണ്ടുകളായി നടന്നു വരുന്ന ഈ ആചാരക്രമം മാറ്റി ദേവസ്വം ബോർഡ് നേരിട്ട് വള്ളസദ്യ നടത്തുവാൻ വേണ്ടി തീരുമാനം എടുക്കുകയും ബഹുമാനപ്പെട്ട ഹൈക്കോടതിയെ അറിയിക്കുകയും ചെയ്തതായി അറിയുന്നു. ഇപ്രകാരം ഒരു മാറ്റം വരുത്തിയാൽ നിലവിലുള്ള ആചാര ക്രമങ്ങളാകെ അട്ടിമറിക്കപ്പെടുകയും ഭക്തജനങ്ങൾക്കത് ബുദ്ധിമുട്ടുണ്ടാക്കുകയും ചെയ്യുമെന്ന് ആക്ഷേപമുയർന്നിട്ടുണ്ട്. പള്ളിയോടങ്ങളും പള്ളിയോട സേവാ സംഘവും ഇതിനോട് സഹകരിച്ചില്ലെങ്കിൽ ഭക്തൻമാർക്കിഷ്ടപ്പെട്ട പള്ളിയോടത്തിന്റെ പേരിൽ വള്ളസദ്യ നടത്താൻ കഴിയാതെ വരും. ഇത് ക്ഷേത്രത്തിലും ക്ഷേത്രത്തിന് ചുറ്റുമുള്ള പള്ളിയോടകരകളിലും വൻപ്രതിഷേധത്തിന് ഇടയാക്കുമെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. ഇക്കാര്യം പുതിയ ബോർഡിന്റെ പരിഗണനയിലാണെന്നും ഉടൻ തന്നെ ഉചിതമായ തീരുമാനമെടുക്കുന്നതാണെന്നും ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. ദേവസ്വം ബോർഡ് ആക്ട്നുസരിച്ച് പ്രവർത്തിക്കുന്ന ഒരു സ്വയംഭരണ സ്ഥാപനമാണ്. ബോർഡിന്റെ ദൈനംദിന കാര്യങ്ങളിൽ സർക്കാരിന് ഇടപെടാൻ

കഴിയില്ല. എങ്കിലും ഭക്തജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുകയും ആചാരാനുഷ്ഠാനങ്ങൾക്ക് ഭംഗം വരുത്തുകയും ചെയ്യുന്ന പരിഷ്ക്കാരങ്ങൾ കഴിവതും ഒഴിവാക്കണമെന്നും ഇത്തരം തീരുമാനം എടുത്തിട്ടുണ്ടെങ്കിൽ ആയത് പുന:പരിശോധിക്കണമെന്നും ദേവസ്വം ബോർഡിനോട് സർക്കാർ നിർദ്ദേശിക്കുന്നതാണ്.

Uncorrected / Not for publication

**കുഴിമണ്ണ പി.എച്ച്. സി**

ശ്രീ. പി. കെ. ബഷീർ: സർ, എന്റെ മണ്ഡലത്തിലെ കുഴിമണ്ണ പഞ്ചായത്തിലെ കീശ്ശേരി പി.എച്ച്.സി.യെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കി ഉയർത്തണമെന്നാണ് എന്റെ സബ്മിഷനിലെ ആവശ്യം. 700 ഓളം രോഗികൾ ദിവസേന ഒ.പി.യിൽ വരുന്ന ഒരു പി.എച്ച്.സി.യാണ് കീശ്ശേരിയിലെ പി.എച്ച്.സി. ചുറ്റുപാടുമുള്ള സ്ഥലങ്ങളിലൊന്നും തന്നെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമില്ല. വളരെ അധികം പാവപ്പെട്ട രോഗികൾ വളരെ അധികം പ്രയാസം അനുഭവിക്കുന്നുണ്ട്. ആ ആശുപത്രി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്താനുള്ള സാമ്പത്തിക ബാധ്യത സർക്കാരിനുണ്ടാവുകയില്ല. കാരണം അവിടെ അടിസ്ഥാന സൗകര്യമുണ്ടാക്കാൻ പഞ്ചായത്തും അതുപോലെ തന്നെ ബ്ലോക്ക് പഞ്ചായത്തും ജനപ്രതിനിധികളും ഞാനും തയ്യാറാണ്. അതുകൊണ്ട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി കുഴിമണ്ണ പി.എച്ച്.സി ഉയർത്തണമെന്നാണ് എന്റെ സബ്മിഷനിലെ ആവശ്യം.

**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ് ശിവകുമാർ) സർ, മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി സി.എച്ച്.സിയുടെ കീഴിൽ പ്രവർത്തിക്കുന്ന കുഴിമണ്ണ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ശരാശരി ഒ.പി. പ്രതിദിനം 300-നും 400-നും ഇടയിലാണ്. ഇവിടെ 10 കിടക്കകൾ അനുവദിച്ചിട്ടുണ്ട്. നിലവിൽ പി.എച്ച്.സി.യായതി**

നാൽ കിടത്തി ചികിത്സ ലഭ്യമല്ല. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ നിലവിൽ രണ്ട് കെട്ടിടങ്ങളുണ്ട്. ഒന്നിൽ ഒ.പി. വിഭാഗം പ്രവർത്തിച്ചു വരുന്നു. മറ്റൊന്ന് ഇമ്മ്യൂണൈസേഷൻ പ്രവർത്തനങ്ങൾക്ക് ഇഞ്ചക്ഷൻ റൂമായി പ്രവർത്തിച്ചു വരുന്നു. പ്രാഥമിക പരിശോധന നടത്തുന്നതിനുള്ള ലാബ് സൗകര്യം നിലവിലുണ്ട്. എക്സ്റേ സൗകര്യം നിലവിലില്ല. ടി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ഒരു വിഷൻ പരിശോധനാ സെന്റർ അനുവദിച്ചിട്ടുണ്ട്. കൊണ്ടോട്ടി ബ്ലോക്ക് സി.എച്ച്.സി.യിൽ നിന്നുള്ള ഒരു ഒഫ്താൽമിക് അസിസ്റ്റന്റ് ആഴ്ചയിൽ ഒരു ദിവസം ഇവിടെ വിഷൻ സെന്ററിൽ പരിശോധന നടത്തുന്നുണ്ട്. രണ്ട് അസിസ്റ്റന്റ് സർജൻമാർ ഉൾപ്പെടെ ആകെ 16 തസ്തികകൾ ഈ പി.എച്ച്.സിയിൽ അനുവദിച്ചിട്ടുണ്ട്. ഒരു വി.ആർ.എസ്. ഡോക്ടറുടെ സേവനവും ഇവിടെ ലഭ്യമാണ്. കൂടാതെ എൻ.ആർ.എച്ച്.എം. മുഖേന ഒരു ഫാർമസിസ്റ്റിന്റെയും ഒരു സ്റ്റാഫ് നഴ്സിന്റെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ പി.എച്ച്.സി. യായതിനാൽ കുഴിമണ്ണ പി.എച്ച്.സി.യെ 24 x 7 പി.എച്ച്.സിയായി ഉയർത്തിയതിന് ശേഷമേ സി.എച്ച്.സി.യായി ഉയർത്താൻ കഴിയുകയുള്ളൂ. ഈ സാഹചര്യത്തിൽ കുഴിമണ്ണ പി.എച്ച്.സി.യിൽ സി.എച്ച്.സി.ക്ക് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് സി.എച്ച്.സി.യായി ഉയർത്തുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമെന്ന് ഞാൻ ഈ അവസരത്തിൽ പറയുന്നു.

## മങ്കട രവിവർമ്മയ്ക്ക് സാംസ്ക്കാരിക നിലയം

ശ്രീ. ടി. എ. അഹ്മദ് കബീർ : സർ, കേരളത്തിന്റെ അഭ്രപാളിയിൽ അനിതരസാധാരണമായ ദൃശ്യ വിസ്മയമുണ്ടാക്കാൻ ഒരു കാലഘട്ട ത്തിൽ ശ്രീ. അടൂർ ഗോപാലകൃഷ്ണന്റെയും മങ്കട രവിവർമ്മയുടെയും കൂട്ടുകെട്ട് നിർവ്വഹിച്ച സേവനം സാംസ്ക്കാരിക കേരളത്തിന് ഒരു കാലത്തും മറക്കാൻ കഴിയില്ല. മങ്കട രവിവർമ്മ എന്റെ മണ്ഡലത്തുകാര നാണ്. വള്ളുവനാടൻ സംസ്കൃതിയുടെ ഭാഗമായുള്ള നിരവധി കോവി ലകങ്ങളിൽ പ്രധാനപ്പെട്ട പല കോവിലകങ്ങളും എന്റെ മണ്ഡലത്തിലാണ്. നമ്മുടെ സംസ്ക്കാരം തകർന്നു പോകാതിരിക്കാൻ; നമ്മുടെ പഴയ സാംസ്ക്കാരിക ചിഹ്നങ്ങൾ അവഗണിക്കപ്പെടാതിരിക്കാൻ; ഹെറിറ്റേജ് മ്യൂ സിയത്തിന്റെ ഭാഗമായി അവിടെ ഒരു പുതിയ സംരംഭമുണ്ടാകണം എന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. ഇത് സിനിമ കൈകാര്യം ചെയ്യുന്ന മന്ത്രിയുടെ കൂടി സഹകരണം ആവശ്യമുണ്ട് എന്ന് എനിക്കറിയാം. സ്വയംവരം, കൊടിയേറ്റം പോലെ മലയാള സംസ്കൃതിയുടെ അടയാളപ്പെടുത്തൽ നടന്ന ഒരു വമ്പിച്ച കലാകാരനെ അനുസ്മരിക്കുന്നതിന് മങ്കട കോവിലക ത്തിന്റെ ആളുകൾ തന്നെ സ്ഥലം തരാമെന്ന് പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഒരു സാംസ്ക്കാരിക നിലയം ബഹുമാന്യനായ മങ്കട രവിവർമ്മയുടെ പേരിൽ വളർന്നു വരുന്നതിന് ബന്ധപ്പെട്ട എല്ലാ വകുപ്പുകളും; ടൂറിസം, സിനിമ, സാംസ്ക്കാരിക വകുപ്പുമെല്ലാം ചേർന്ന് സർക്കാർ

മുൻകൈയെടുത്ത് അവിടെ ഒരു സാംസ്ക്കാരിക നിലയം നിർമ്മിക്കണമെന്ന് അഭ്യർത്ഥിക്കുന്നതിനാണ് ഈ സബ്മിഷൻ.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : സർ, ബഹുമാന്യനായ ശ്രീ. ടി. എ. അഹ്മദ് കബീർ ഉന്നയിച്ചതുപോലെ മങ്കട രവിവർമ്മ ഒരു കാലഘട്ടത്തിലെ മലയാള സിനിമയുടെ അത്ഭുതമായിരുന്നു. അങ്ങേയ്ക്കും ഈ കാര്യം ബോധ്യമുള്ളതാണ്. പ്രശസ്ത ചലച്ചിത്ര ഛായാഗ്രാഹകനായ മങ്കട രവിവർമ്മയ്ക്ക് ജന്മനാട്ടിൽ സ്മാരകം ഉണ്ടാകണമെന്ന കാര്യം, പഞ്ചായത്തിന്റെ തീരുമാനത്തോടുകൂടി ബഹുമാന്യനായ എം.എൽ.എ. സമർപ്പിക്കുകയുണ്ടായി. മങ്കട രവിവർമ്മയുടെ പേരിൽ ഒരു സാംസ്ക്കാരിക നിലയം പണിയുന്നതിന് അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ സ്ഥലം നൽകാമെന്ന് സമ്മതിച്ചതായി ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇന്നത്തേതുപോലെ സിനിമാരംഗത്ത് ശാസ്ത്ര സാങ്കേതിക വിദ്യയിൽ മാറ്റമുണ്ടാകാത്ത കാലഘട്ടത്തിൽ അഭ്രപാളികളിലെ അനന്തമായ വിസ്മയമായിരുന്നു അദ്ദേഹത്തിന്റെ കുറേ ചിത്രങ്ങൾ. ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ കൊടിയേറ്റം, സ്വയംവരം... മങ്കട രവിവർമ്മയുടെ അനശ്വരമായ സ്മാരകങ്ങളാണ്. ബഹുമാന്യനായ സിനിമയുടെ മന്ത്രി ശ്രീ. കെ.ബി. ഗണേഷ് കുമാറുമായി കൂടിയാലോചിച്ചു കൊണ്ട് മങ്കട രവിവർമ്മയ്ക്ക് ഉചിതമായ സ്മാരകമുണ്ടാക്കുന്നതിന് ഗവൺമെന്റ്

മുൻകൈ എടുക്കുന്നതായിരിക്കും. അതിനാവശ്യമായ സ്ഥലം ലഭ്യമാക്കുകയാണെങ്കിൽ തീർച്ചയായും ഗവൺമെന്റ് അക്കാര്യത്തിൽ വളരെ അനുകൂലമായ തീരുമാനമെടുക്കുന്നതായിരിക്കും.

## ചാത്തന്നൂർ-പരവൂർ റോഡ് നിർമ്മാണം

ശ്രീ. ജി. എസ്. ജയലാൽ: സർ, ഒരു കിലോമീറ്റർ പോലും ആ.ങ.& അ.ഇ. റോഡ് നിലവിലില്ലാത്ത ഒരു മണ്ഡലമായിരുന്നു ചാത്തന്നൂർ. സമീപപ്രദേശത്തുള്ള മണ്ഡലങ്ങളിലെല്ലാം ഭൂരിപക്ഷം റോഡുകളും ആ.ങ.& അ.ഇ. ആയി പുനരുദ്ധരിക്കപ്പെട്ട സാഹചര്യത്തിൽ ഈ വിഷയം ഞാൻ 17-10-2011-ലെ നിയമസഭയിൽ സബ്മിഷനായി ഉന്നയിക്കുകയും ബഹുമാനപ്പെട്ട മന്ത്രി അതിന് പാരിപ്പള്ളി-ചാത്തന്നൂർ-പരവൂർ റോഡ് അത്തരത്തിൽ പുനരുദ്ധരിക്കുമെന്ന് രേഖാമൂലം ഉറപ്പുനൽകുകയും അതിന്റെ ആദ്യഘട്ടം പാരിപ്പള്ളി- പരവൂർ റോഡിന്റെ പണി ആരംഭിക്കുകയും ചെയ്തതിൽ നന്ദിയുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഭാഗം വടക്കൻ ജില്ലകളിൽ നിന്ന് വർക്കല, പാപനാശം, ശിവഗിരി എന്നീ ടൂറിസം ഭാഗങ്ങളിലേയ്ക്ക് കടന്നു പോകുന്ന ചാത്തന്നൂർ- പരവൂർ റോഡ് തകർന്നു കിടക്കുകയാണ്. അതിന് ഭരണാനുമതി ലഭിക്കുന്നതിന് വേണ്ടിയിട്ടാണ് ഈ സബ്മിഷൻ ഞാൻ ഉന്നയിക്കുന്നത്. അതിന് ഭരണാനുമതി നൽകി സഹായിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, പരവൂർ-മണിയംകുളം വരെയുള്ള റോഡിന്റെ ഭരണാനുമതിക്ക് വേണ്ടി 8 കോടി രൂപയുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ സമർപ്പിച്ചിരുന്നു. ഫണ്ടിന്റെ കുറവു മൂലം ഒരു കോടി രൂപയാണ് 20-11-2012-ൽ

അനുവദിച്ചിട്ടുള്ളത്. ആ തുക മതിയാകില്ല എന്ന് ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അക്കാര്യം പരിഗണിക്കുന്നതാണ്.

## പുതിയകാവിൽചിറ വാട്ടർ ടൂറിസം

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, എന്റെ മണ്ഡലത്തിലെ പ്രധാനപ്പെട്ട ഒരു ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ടുള്ള സബ്മിഷനാണ് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. അടൂർ മണ്ഡലത്തിലെ പ്രധാനപ്പെട്ട പട്ടണ മാണ് അടൂർ മുനിസിപ്പിലാറ്റി. അവിടെ കെ.പി. റോഡിനും കെ.എസ്.ടി.പി. റോഡിനും സമാന്തരമായി 5 ഏക്കറോളമുള്ള ആ സ്ഥലത്ത് വിശാലമായ ജലസംഭരണിയും അതിനോടു ചേർന്ന് കെ.ടി.ഡി.സി.-യുടെ റെസ്റ്റോ റന്റുമുണ്ട്. കളക്ടറും ഡി.ടി.പി.സി.-യുടെ സെക്രട്ടറിയും ഞാനും കൂടെ ആ സ്ഥലം സന്ദർശിച്ച് അവിടെ ഒരു ടൂറിസം പദ്ധതിക്കായി ഒരു പ്രോജക്ട് സമർപ്പിച്ചിരുന്നു. ആ പ്രദേശത്ത് മറ്റു ടൂറിസം കേന്ദ്രങ്ങളില്ലാ ത്തതുകൊണ്ട് അവിടെ ബോട്ടിംഗ് അടക്കംവരുന്ന വലിയ ഒരു പദ്ധതി യാണ് സമർപ്പിച്ചിട്ടുള്ളത്. ഏകദേശം 71,80,000 രൂപ വരുന്ന ആ പദ്ധതി പെട്ടെന്ന് നടപ്പിലാക്കുന്നതിനാവശ്യമായ അടിയന്തിര നടപടിയുണ്ടാകണ മെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): സർ, പത്തനംതിട്ട ജില്ല യിലെ അടൂർ മുനിസിപ്പാലിറ്റിയിൽ പുഴകളാൽ ചുറ്റപ്പെട്ട മനോഹരമായ പ്രദേശമാണ് പുതിയകാവിൽചിറ. വിനോദസഞ്ചാരികൾക്ക് വളരെ എളുപ്പ ത്തിൽ എത്താൻ സാധിക്കുന്നതും എം.സി. റോഡിനോട് ചേർന്ന് കിടക്കു ന്നതുമായ അഞ്ചേക്കർ സ്ഥലത്താണ് പുതിയകാവിൽചിറ സ്ഥിതി ചെയ്യു

ന്നത്. ഈ പ്രദേശം പ്രകൃതിദൃശ്യങ്ങളാൽ മനോഹരവും പുഴകളാൽ അനുഗ്രഹിക്കപ്പെടുന്നതുമായ പ്രദേശമാണ്. പാഴ്ച്ചെടികൾ നിറഞ്ഞ പ്രസ്തുത ചിറ വൃത്തിയാക്കി അത്യാവശ്യസൗകര്യങ്ങൾ ഒരുക്കി വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനു വേണ്ടി താൽക്കാലികാടിസ്ഥാന ത്തിൽ സഞ്ചാരികൾക്ക് തുറന്നു കൊടുത്തിട്ടുണ്ട്. പത്തനംതിട്ടയിലെ ഒരു പ്രധാനപ്പെട്ട ടൂറിസം കേന്ദ്രമായി പുതിയകാവിൽചിറയെ വികസിപ്പിക്കാൻ കഴിയുമെന്ന് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ സമർപ്പിച്ചിട്ടുള്ള 71,80000 രൂപയുടെ പ്രൊപ്പോസൽ സർക്കാ രിന്റെ സജീവ പരിഗണനയിലാണ്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഈ പദ്ധതി വർക്കിംഗ് ഗ്രൂപ്പ് പരിഗണിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാ ണ്.

**ശുദ്ധജലവിതരണ സംവിധാനം**

ശ്രീ. എസ്. ശർമ്മ: സർ, വൈപ്പിൻ ദ്വീപ സമൂഹത്തിലെ 8 പഞ്ചായത്തുകളിൽ നിലവിലുള്ള ശുദ്ധജലവിതരണ പദ്ധതികളുടെ കാര്യക്ഷമമായ പ്രവർത്തനം നടത്തുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ. കടലും കായലും അതിരുകൾ നിശ്ചയിക്കുന്ന പൂർണ്ണമായും ഉപ്പുവെള്ളത്താൽ ചുറ്റപ്പെട്ട ഒരു ദ്വീപസമൂഹമാണ് വൈപ്പിൻ. 8 പഞ്ചായത്തുകളിലേയും ജനങ്ങൾ രൂക്ഷമായ ശുദ്ധജലക്ഷാമം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഹഡ്കോ ചൊവ്വര പദ്ധതികളിൽനിന്നും ശുദ്ധജലവിതരണം നടത്തിവരുന്നു. എന്നാൽ പവർക്കട്ടിന്റെ പ്രശ്നമല്ലാതെ തന്നെ പമ്പിംഗ് നിർത്തിവരികയും അത്യാവശ്യ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനുപോലും കഴിയാത്ത വിധം ജനങ്ങൾ ബുദ്ധിമുട്ടുകയുമാണ്. ആഴ്ചകളോളമായി വെള്ളം കിട്ടാത്ത സ്ഥിതി തുടരുന്നതു മൂലം ജനങ്ങൾക്കിടയിൽ അസ്വസ്ഥതയും അമർഷവും ഉടലെടുത്തുവരികയാണ്. ബാർജിലിലൂടെ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ സ്ഥിതിയും വ്യത്യസ്തമല്ല. ജനങ്ങൾ ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന ജിഡ ഫിഷറീസ് ഫണ്ടുപയോഗിച്ച് നടന്നുവരുന്ന ശുദ്ധജലവിതരണ പദ്ധതിയാകട്ടെ അനാവശ്യമായ കാലതാമസം വരുത്തുകയാണ്. ഈ പദ്ധതികൾ കമ്മിഷൻ ചെയ്താൽ, കുടിവെള്ളം ബാർജിലിലൂടെ വിതരണം ചെയ്യുന്നതുമൂലം സംസ്ഥാന ഖജനാവിനുണ്ടാകുന്ന ഭീമമായ സാമ്പത്തിക നഷ്ടം തന്നെ ഒഴിവാക്കാൻ കഴിയും. ഇനിയും ബാക്കി നിൽക്കുന്ന പ്രവൃത്തികൾ സംബന്ധിച്ച്; അതിന്റെ

വിശദാംശങ്ങളും എല്ലാം പരിശോധിച്ചുകൊണ്ട് ഉപ്പുവെള്ളം മാത്രം ലഭിക്കുന്ന ഈ ദ്വീപിന്റെ പിന്നോക്കാവസ്ഥ പരിഗണിച്ച് നിലവിലുള്ള ശുദ്ധജലവിതരണ സംവിധാനത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് കാര്യക്ഷമമായി നടത്താനും ജിഡ ഫിഷറീസ് ഫണ്ട് ഉപയോഗിച്ച് നടന്നുവരുന്ന ശുദ്ധജലവിതരണ പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുന്നതിനുമുള്ള അടിയന്തിര നടപടി സ്വീകരിക്കുന്നതിനും പ്രത്യേകമായ ഒരു മോണിറ്ററിംഗ് സംവിധാനം ഇപ്പോൾ നിലവിലുള്ള ഈ പ്രവൃത്തികൾ കൈകാര്യം ചെയ്യുന്നതിന് ഉണ്ടാകണമെന്ന് ഈ അവസരത്തിൽ പ്രത്യേകമായി ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, വൈപ്പിൻ ദ്വീപ സമൂഹം 6 പഞ്ചായത്തുകളും കൊച്ചി കോർപ്പറേഷന്റെ ഒരു ഡിവിഷന്റെ കുറച്ചു ഭാഗവും ഉൾപ്പെട്ടതാണ്. അതിൽ പള്ളിപ്പുറം, കുഴിപ്പള്ളി, എടവനക്കാട്, നായരമ്പലം പഞ്ചായത്തുകളിലും ഞാറയ്ക്കൽ പഞ്ചായത്തിന്റെ പകുതിയോളവും നോർത്ത് പറവൂർ പമ്പ് ഹൗസിൽ നിന്നുമാണ് ശുദ്ധജലവിതരണം നടത്തിക്കൊണ്ടിരിക്കുന്നത്. നിലവിലുള്ള പമ്പിംഗ് മെയിൻ പൈപ്പുകൾ അപര്യാപ്തമാണ്. ആയതിനാൽ ചൊവ്വര പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള തോതിൽ കുടിവെള്ളം ഈ പദ്ധതികളിൽ എത്താൻ സാധിക്കുന്നില്ല. പറവൂർ പമ്പ് ഹൗസിൽ നിന്നും 400 എം.എം. പൈപ്പുകൾ എടവനക്കാട്-അണിയിൽ ഉപരിതല സംഭരണി സ്ഥാപിക്കലും ഉപരിതല സംഭരണിയുടെ നിർമ്മാണവും ജിഡ, ഫിഷറീസ് എന്നി

വയുടെ ധനസഹായത്തോടെ നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുകയും അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ പണികൾ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പണികളുടെ എഗ്രിമെന്റ് 2012 ജൂൺ മാസത്തിൽ വച്ചിട്ടുള്ളതും പൈപ്പുകളുടെ വിതരണം ഏകദേശം പൂർത്തീകരിച്ചിട്ടുള്ളതുമാണ്. എന്നാൽ റോഡുമുറിച്ച് പൈപ്പ് സ്ഥാപിക്കുന്നതിനുള്ള അനുമതി പി.ഡബ്ല്യു.ഡി.യിൽ നിന്ന് ലഭിക്കാത്തതിനാൽ പണി ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. എത്രയും വേഗം അനുമതി കിട്ടാനുള്ള നടപടികൾ എടുത്തുവരുന്നു. പി.ഡബ്ല്യു.ഡി. യുടെ അനുമതി കിട്ടാൻ ശ്രീ. ശർമ്മ കൂടി പേഴ്സണലായി ഇടപെടണമെന്നാണ് എനിക്ക് പറയാനുള്ളത്. ജിഡയുടെ ധനസഹായത്തോടെ ഒരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ഫോർട്ട്, വൈപ്പിൻ, കോർപ്പറേഷൻ പ്രദേശത്തും, എളങ്കുന്നപ്പുഴ പഞ്ചായത്തിനും വേണ്ടി പദ്ധതിയുടെ ഇന്റർകണക്ഷൻ ജോലികളും ടാങ്കിന്റെ നിർമ്മാണവും ഒഴിച്ച് ബാക്കി പണികൾ പൂർത്തിയായിട്ടുണ്ട്. എളങ്കുന്നപ്പുഴ, ഞാറയ്ക്കൽ പഞ്ചായത്തിന്റെ പകുതിയോളം ഭാഗത്തേയ്ക്ക് വേണ്ടിയുള്ള പദ്ധതിയുടെ ടാങ്ക് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. വിതരണ ശൃംഖലയുടെ 70% വും പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. നായരമ്പലം, ഞാറയ്ക്കൽ പഞ്ചായത്തുകളുടെ പകുതി ഭാഗത്തേ യ്ക്കുള്ള പദ്ധതികളുടെ പണികൾ പുരോഗതിയിലാണ്. പി.ഡബ്ല്യു.ഡി. അനുമതി ലഭ്യമായാൽ ആറു മാസത്തിനുള്ളിൽ പണികൾ

Uncorrected / Not for publication

പൂർത്തീകരിച്ച് വൈപ്പിൻ ദ്വീപസമൂഹത്തിൽ ശുദ്ധജലവിതരണം മെച്ചപ്പെടുത്താവുന്നതാണ്.